മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 03 THE ONLINE OFFICIAL NEWS BULLETIN 2026 January 15

SEASON OF THE EPIPHANY ദനഹാകാലം ܥܕܢܗܐ ܕܝܠܕܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬ ܒܫܒܐ TUESDAY	ܐܪܒܥ ܒܫܒܐ WEDNESDAY	ܚܡܫ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
18 2nd Sunday after Epiphany Comme. of St. Samuel, St. Simon and St. Antony the hermit. 70th Mem. of Michael Mar Dionysius Metropolitan ✠(Panampady)	19	20	21 17th Mem. of Philipose Mar Eusebius Metropolitan ✠ (Pathanamthitta Basil Dayara)	22 210th Mem. Of Mar Thoma VIII ✠ (Puthencavu Cathedral)	23 Comme. of St. Augen the monk	24

കൊല്ലം സി.എസ്.ഐ ബിഷപ്പ് ഹൗസിൽ നടന്ന ഇന്റർ ചർച്ച് കൗൺസിൽ യോഗത്തിന് ശേഷം പ. കാതോലിക്കാ ബാവായോടൊപ്പം ഇതര സഭകളുടെ പിതാക്കന്മാർ.

കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളി പെരുന്നാളും ശതാബ്ദി ആഘോഷവും നടന്നു. പ. കാതോലിക്കാ ബാവാ ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു.

കേരളാ നിയമസഭയിൽ നടന്ന അന്താരാഷ്ട്ര പുസ്തകമേളയിൽ ഫാ. കെ.. ജി. അലക്സാണ്ടർ തയ്യാറാക്കിയ *ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്: ഒരു ഇതിഹാസം* എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നു. ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിൽ നിന്ന് കേരള സാങ്കേതിക സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. സിസ തോമസ് ആദ്യ കോപ്പി സ്വീകരിച്ചു. കോർ എപ്പിസ്ക്കോപ്പാമാരായ അലക്സാണ്ടർ വൈദ്യൻ, ജോൺസൺ മാത്യു, എം.ജി. ഒ.സി.എസ്.എം. തിരുവനന്തപുരം ഡയറക്ടർ ഫാ. സജി. മേക്കാട്ട്, ഫാ. കെ.ജി. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

ബോംബെ ഭദ്രാസനത്തിന്റെ സുവർണജൂബിലിയുടെ ഭാഗമായി പരുമല സെമിനാരിയിൽ നടന്ന ബോംബെ സംഗമം മലങ്കരയുടെ വലിയ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് ഉദ്ഘാടനം ചെയ്തു. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് എന്നിവർ നേതൃത്വം നൽകി.

ഡോ. ജോസഫ് മാർ ദീവന്നാസിയോസ് ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറി

കൊല്ലം: കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകളുടെ ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറിയായി മലങ്കരസഭയുടെ കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് നിയോഗിതനായി.

അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം (AMOSS) വടക്കൻ മേഖല സമ്മേളനം അങ്കമാലി ഭദ്രാസനത്തിലെ മുടവൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലിത്ത യൂഹാനോൻ മാർ പോളികാർപ്പോസ് ഉദ്ഘാടനം ചെയ്തു. ശുശ്രൂഷക സംഘം കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് അധ്യക്ഷത വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

1957 ഒക്ടോബർ

8 ചൊവ്വാ. കല്ലൂപ്പാറ പള്ളി വികാരി ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്ന് പള്ളിക്കേസ് സംബന്ധിച്ചുള്ള കാര്യം നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

9 ബുധൻ. നാം സുഖമായി താമസിച്ചു. മൂലവട്ടത്തുനിന്നു അബ്രഹാംക ത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്ര മിച്ചു.

10 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. പത്തനംതിട്ട കോളജിന്റെ[36] പ്രിൻസി പ്പൽ നൈനാൻ ഏബ്രഹാം വന്നിരുന്നു. അത്താനാസിയോസ് മെത്രാച്ചനും, ഈവാനിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. പഴ യസെമിനാരി മാനേജർ വന്നിരുന്നു. 5 1/2 മണിയോടു കൂടി തേവോദോസി യോസ് മെത്രാച്ചനും[37] യോഹന്നാൻ കത്തനാരും[37A] വന്ന് നമ്മോടുകൂടി താമ സിച്ചു. അബ്രഹാം കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

11 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ വന്നിരു ന്നു. തേവോദോസിയോസ് മെത്രാച്ചനും, യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

12 ശനി. അമ്മയുടെ ഓർമ്മദിവസം[38] ആയിരുന്നതിനാൽ നാം രാവിലെ 7 മണിയോടുകൂടി കുറിച്ചി വലിയപള്ളിയിൽ എത്തി. വിശുദ്ധ കുർബാന അർപ്പി ച്ചു. ശവക്കോട്ടയിൽ പോയി പ്രത്യേകം പ്രാർത്ഥന നടത്തി. കാപ്പിമേശ കഴിഞ്ഞ് 11 1/2 മണിയോടുകൂടി ദേവലോകത്തു വന്നുചേർന്നു. ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും യോഹന്നാൻ കത്ത നാരും നമ്മോടുകൂടി താമസിച്ചു.

13 ഞായർ. സ്ലീബായ്ക്കു ശേഷം 5-ാം ഞായർ. തേവോദോസിയോസ് മെത്രാ ച്ചൻ വിശുദ്ധ കുർബ്ബാന ചൊല്ലുകയും കുർബാനമദ്ധ്യേ പ്രസംഗിക്കയും ചെയ്തു. നാം കുർബാനയിൽ സംബന്ധിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞു. മെത്രാച്ചനും യോഹന്നാൻ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

14 തിങ്കൾ. കുർബാന ഉണ്ടായിരുന്നു. തേവോദോസിയോസ് മെത്രാച്ചൻ കുർബാനയിൽ സംബന്ധിച്ചു. ഈവാനിയോസ് മെത്രാച്ചൻ നമ്മെ കാണുന്ന തിനായി വന്നിരുന്നു. പഴയസെമിനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും യോഹന്നാൻ (മാണി)[37A] കത്ത നാരും നമ്മോടുകൂടി താമസിച്ചു.

15 ചൊവ്വ. പരുമല സെമിനാരി മാനേജർ കണക്കുകൾ പരിശോധിപ്പിക്കുന്ന തിനായി വന്നിരുന്നു. അബ്രഹാം കത്തനാരും ജോസഫ് കത്തനാരും ഗീവർഗ്ഗീസ് പണിക്കർ കത്തനാരും വന്നിരുന്നു. തേവോദോസിയോസ് മെത്രാ ച്ചനും അബ്രഹാം കത്തനാരും ജോസഫ് കത്തനാരും യോഹന്നാൻ കത്ത നാരും നമ്മോടു കൂടി താമസിച്ചു.

16 ബുധൻ. തേവോദോസിയോസ് മെത്രാച്ചനും പഴയസെമിനാരി മാനേജരും യോഹന്നാൻ കത്തനാരും കൂടി മൂവാറ്റുപുഴയ്ക്കു തീമോത്തിയോസ് മെത്രാ ച്ചനെ[39] കാണുന്നതിനായി പോയി. 5 1/2 മണിയോടെ കൂടി തിരികെ വന്നുചേർന്നു. സി. റ്റി ഈപ്പൻ കത്തനാർ[40] വന്നിരുന്നു.

17 വ്യാഴം. തേവോദോസിയോസ് മെത്രാച്ചൻ രാവിലെ കാപ്പിമേശ കഴിഞ്ഞ് തിരുവല്ലായ്ക്കു പോയി. പഴയസെമിനാരി മാനേജരും പാറമേൽ കുറിയാക്കോസ് കത്തനാരും[41] വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

18 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജരും മണ ലിൽ യാക്കോബ് കത്തനാരും ബഹനാൻ കത്തനാരും വന്നിരുന്നു. സന്ധ്യാന മസ്ക്കാരശേഷം നാം വിശ്രമിച്ചു.

19 ശനി. നാം സുഖമായി താമസിച്ചു. നിരണം പള്ളി വികാരി ഗീവർഗ്ഗീസ് കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

20 ഞായർ. സ്ലീബായ്ക്കു ശേഷം 6-ാം ഞായർ. ഇന്ന് മല്പാൻ യോഹ ന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ മല്പാൻ യോഹ ന്നാൻ കത്തനാർ പ്രസംഗിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് വിശ്രമിച്ചു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

21 തിങ്കൾ. നാം സുഖമായി താമസിച്ചു. ..... ശേഷം നാം വിശ്രമിച്ചു.

22 ചൊവ്വ. പരുമല സിമ്മനാരി മാനേജർ മാത്യൂസ് കത്തനാരും ..... ഗീവർഗ്ഗീസ് കത്തനാരും വാകത്താനം പള്ളി വികാരിമാരായ ഗീവർഗ്ഗീസ് കത്ത നാരും പീലിപ്പോസ് കത്തനാരും ..... കത്തനാരും വന്നിരുന്നു. .....നമ്മോടു കൂടി താമസിച്ചു.

23 ബുധൻ. നാം സുഖമായി താമസിച്ചു. തേവോദോസ്യോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ ..... തിരുവല്ലായ്ക്കു പോയി. തേവോദോസിയോസ് മെത്രാച്ചൻ നമ്മോടുകൂടി താമ സിച്ചു. ബഥനി ആശ്രമസ്ഥരായ കുറിയാക്കോസ് കത്തനാരും മത്തായി കത്ത നാരും വന്ന് നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്ര മിച്ചു.

പരുമല

24 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. ഉച്ച മേശ കഴിഞ്ഞ് 2 3/4 മണിയോടു കൂടി നാം ദേവലോകത്തു നിന്നും പരുമല സെമിനാരിയിലേക്കു തിരിച്ചു. 5 മണിയോടു കൂടി പരുമല വന്നു ചേർന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

25 വെള്ളി. നാം സുഖമായി താമസിച്ചു. നിരണം പള്ളി വികാരി ഗീവർഗ്ഗീസ് കത്തനാരും മട്ടയ്ക്കൽ ജോർജ് കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

26 ശനി. നാം സുഖമായി താമസിച്ചു. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരും[42] കാട്ടുപറമ്പിൽ തോമസ് കത്തനാരും വെന്നാഴിയിൽ ജോർജ് കത്തനാരും മറ്റും നമ്മെ കാണുന്നതിനായി വന്നിരുന്നു. 3 മണിയോടു കൂടി പെരുന്നാൾ സംബന്ധിച്ച് കൊടിയേറ്റ് ഉണ്ടായിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഉടൻ തന്നെ പോകയും ചെയ്തു. മാനേജർ മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

27 ഞായർ. സ്ലീബായ്ക്കു ശേഷം 7-ാം ഞായർ. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ നാം പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരും കാട്ടുപറമ്പിൽ തോമസ് കത്തനാരും വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

28 തിങ്കൾ. നാം സുഖമായി താമസിച്ചു. കുർബാന ഉണ്ടായിരുന്നു. മാനേജർ മാത്യൂസ് കത്തനാർ വി. കുർബാന അർപ്പിച്ചു. പന്നായി പള്ളി വാതുക്കൽ അലക്സാണ്ടർ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

29 ചൊവ്വ. ഒസ്താത്തിയോസ് മെത്രാച്ചൻ 10 1/2 മണിയോടു കൂടി പെരുന്നാളിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. ചെന്നിത്തല മത്തായി കത്തനാരും മാന്നാർ മർത്തമറിയം പള്ളി വികാരി അലക്സാണ്ടർ കത്തനാരും വന്നിരുന്നു. മെത്രാച്ചനും മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

30 ബുധൻ. മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും,[43] ഗീവർഗ്ഗീസ് കത്തനാരും വന്നിരുന്നു. ഉമ്മൻ കത്തനാരും ഒസ്താത്തിയോസ് മെത്രാച്ചനും മത്തായി കത്തനാരും മാനേജരും നമ്മോടുകൂടി താമസിച്ചു.

31 വ്യാഴം. രാവിലെ മാത്യൂസ് കത്തനാർ കുർബാന ചൊല്ലി. തുടർന്ന് ഉമ്മൻ കത്തനാരുടെ കുട്ടിയെ നാം മാമോദീസാ മുക്കി. ഒസ്താത്തിയോസ് മെത്രാച്ചൻ തല തൊട്ടു. ഉമ്മൻ കത്തനാരും മത്തായി കത്തനാരും ശുശ്രൂഷയിൽ സംബന്ധിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ 4 മണിയോടു കൂടി കുട്ടമ്പേരി പള്ളിയിൽ പെരുന്നാൾ നടത്തുന്നതിന് നമ്മുടെ അനുവാദപ്രകാരം പോയി. ഉമ്മൻ കത്തനാരും മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

1957 നവംബർ

നവംബർ 1 വെള്ളി. വി. മൂന്നിന്മേൽ കുർബാനയുണ്ടായിരുന്നു. കളത്ര യാക്കോബ് കത്തനാരും അബ്രഹാം കത്തനാരും ഉമ്മൻ കത്തനാരും കൂടിയാണ് കുർബാന ചൊല്ലിയത്. നാം കുർബാനയിൽ സംബന്ധിച്ചു. ഒസ്താത്തിയോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും പെരുനാളിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരത്തിൽ അനവധി പട്ടക്കാരും ജനങ്ങളും സംബന്ധിച്ചു. മെത്രാച്ചനും മറ്റും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് റാസ ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ഒസ്താത്തിയോസ് മെത്രാച്ചനും റ്റി. വി. ജോർജ്ജും[44] പ്രസംഗിച്ചു.

2 ശനി. പെരുന്നാൾ ആയിരുന്നു. വെളുപ്പിന് 5 മണിയോടു കൂടി കൂറിലോസു മെത്രാച്ചൻ വി. കുർബാന ചൊല്ലി. തുടർന്ന് 7 മണിയോടു കൂടി വി. മൂന്നിന്മേൽ കുർബാന ഉണ്ടായിരുന്നു. നാം നടുക്കുള്ള ത്രോണോസിലും ഇരുവശത്തും ഒസ്താത്തിയോസു മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ആയിരുന്നു. അനവധി പട്ടക്കാരും ശെമ്മാശന്മാരും ജനങ്ങളും കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് എം. വി. ജോർജ്ജ് കത്തനാർ പ്രസംഗിച്ചു. 11 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചയ്ക്കു രണ്ടു മണിയോടു കൂടി റാസ്സയും ആരംഭിച്ചു. എല്ലാ കാലത്തേക്കാളും ഭംഗിയായിരുന്നു പെരുന്നാൾ ചടങ്ങുകൾ. ജനങ്ങൾ ഭക്തിപുരസ്സരം പെരുനാളിൽ പങ്കുകൊണ്ടു. ഒസ്താത്തിയോസ് മെത്രാച്ചനും കൂറിലോസു മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും മാനേജരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

3 ഞായർ. "കൂദശ് ഈത്തൊ" ആയിരുന്നു. രാവിലെ പരുമല സെമിനാരിയിൽ നിന്നും മാന്നാർ മർത്തമറിയം പള്ളിയിൽ പോകയും വി. കുർബാന അർപ്പിക്കയും വൈദികസെമിനാരിയിൽ പഠിക്കുന്ന വർഗ്ഗീസ് ഉമ്മന് നാം മാന്നാർ പള്ളിയിൽ വച്ച് ശെമ്മാശുപട്ടം കൊടുക്കുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും എം. വി. ജോർജ്ജ് കത്തനാരും അലക്സാണ്ടർ കത്തനാരും ശുശ്രൂഷയിൽ പങ്കുകൊണ്ടു. കുർബാന കഴിഞ്ഞ ഉടനെ ജോർജ്ജ് കത്തനാർ പ്രസംഗിച്ചു. 11 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. പള്ളിയുടെ ശിലാസ്ഥാപന കർമ്മത്തിൽ സംബന്ധിക്കുന്നതിനായി കൂറിലോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് വിശ്രമിച്ചു. 2 1/2 മണിയോടു കൂടി മീറ്റിംഗ് ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും ഏലിയാസ് കോർഎപ്പിസ്ക്കോപ്പായും എം. ഐ. ജോർജ്ജും പ്രസംഗിച്ചു. തുടർന്ന് കല്ലിടീൽ ശുശ്രൂഷ ആരംഭിച്ചു. 4 1/2 മണിയോടു കൂടി എല്ലാം ഭംഗിയായി കഴിഞ്ഞു. കാപ്പിമേശ കഴിഞ്ഞ് നാം പരുമലയ്ക്കു പോരുകയും ചെയ്തു. നാം പരുമല വന്ന ഉടനെ സണ്ടേസ്കൂൾ അദ്ധ്യാപക അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ ഒരു ഫോട്ടൊ എടുത്തു. കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. ഉടനെ തന്നെ പോകയും ചെയ്തു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

8 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും, ദോബിയാസ് കത്തനാരും കൂടി വന്നു. മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു.

4 തിങ്കൾ. രാവിലെ ദീവന്നാസ്യോസ് മെത്രാച്ചൻ മാന്നാർ മർത്തമറിയം പള്ളിയിലേക്കു പോകയും ഒരു മണിയോടു കൂടി തിരിച്ച് പരുമല വരികയും ഉടനെതന്നെ തിരുവല്ലായ്ക്കു പോകയും ചെയ്തു. കല്ലൂപ്പാറ പള്ളി വികാരി ഗീവർഗ്ഗീസ് പണിക്കർ കത്തനാരും മാന്നാർ പള്ളി വികാരി അലക്സാണ്ടർ കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

5 ചൊവ്വ. നാം സുഖമായി താമസിച്ചു. മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും പയ്യമ്പള്ളിൽ ദാവീദ് കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും മാനേജരും പയ്യമ്പള്ളി ദാവിദ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

6 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും ഗബ്രിയേൽ കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും പയ്യമ്പള്ളി ദാവീദ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

7 വ്യാഴം. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേജരും നമ്മോടുകൂടി താമസിച്ചു.

8 വെള്ളി. കാരിക്കോട്ട് ബർസ്ലിബി കത്തനാർ[45] നമ്മെ കാണുന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജരും നമ്മോടുകൂടി താമസിച്ചു.

9 ശനി. മട്ടയ്ക്കൽ ജോർജ്ജ് കത്തനാർ വന്നിരുന്നു. മാനേജർ നമ്മോടു കൂടി താമസിച്ചു.

10 ഞായർ. "ഹൂദോസ് ഈത്തോ" ഞായറാഴ്ച[46] ആയിരുന്നു. നാം വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ നാം പ്രസംഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞു. മാനേജർ മാത്യൂസ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. വെങ്ങാഴിയിൽ ജോർജ്ജ് കത്തനാരും കളത്ര യാക്കോബ് കത്തനാരും വന്നിരുന്നു. മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

11 തിങ്കൾ. നാം സുഖമായി താമസിച്ചു. വഴിപറമ്പിൽ ഗീവർഗ്ഗീസ് കത്തനാരും മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

12 ചൊവ്വ. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

13 ബുധൻ. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

14 വ്യാഴം. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

15 വെള്ളി. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

16 ശനി. നാം സുഖമായി താമസിച്ചു. മത്തായി കത്തനാർ പള്ളം പള്ളി നടത്തുന്നതിനായി നമ്മുടെ അനുവാദത്തോടുകൂടി പോയി. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

17 ഞായർ. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച ആയിരുന്നു. മാനേജർ മാത്യൂസ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മാത്യൂസ് കത്തനാർ കുർബാനമദ്ധ്യേ പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

18 തിങ്കൾ. മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

19 ചൊവ്വ. നാം പരുമല സെമിനാരിയിൽ നിന്നും 2 മണിയോടു കൂടി മാവേലിക്കര പുതിയകാവു പള്ളിയിൽ പോയി. പുത്തൻപുരയിൽ തോമസ് കത്തനാരുടെ ശവസംസ്ക്കാര ശുശ്രൂഷ നാം നിർവഹിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. അനേകം വൈദികരും ശെമ്മാശന്മാരും ജനങ്ങളും സംബന്ധിച്ചു. 6 1/2 മണിയോടു കൂടി അടക്കം കഴിഞ്ഞു. കൂറിലോസ് മെത്രാച്ചനും ഉമ്മൻ കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

20 ബുധൻ. കാപ്പിമേശയും കഴിഞ്ഞ് നാം തോമസ് കത്തനാരെ അടക്കിയ സ്ഥലം കാണുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. അനന്തരം പറമ്പിൽ സഖറിയാ കത്തനാരുടെ വസതിയിൽ പോകുകയും തൈലാഭിഷേകം നടത്തുകയും ചെയ്തു. കൂറിലോസ് മെത്രാച്ചനും ഏതാനും ചില വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് നാം തഴക്കര ചാപ്പലിൽ വിശ്രമിച്ചു. പുതുതായി പണിയുന്ന പള്ളി നാം കാണുകയും ചെയ്തു. ഉച്ചമേശയ്ക്കു ശേഷം നാം ദേവലോകം അരമനയിൽ 4 1/2 മണിയോടു കൂടി വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

21 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും സംബന്ധിച്ചു. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മലയായിൽ പോയിരുന്ന ജോർജ്ജ് കത്തനാർ വന്നിരുന്നു. നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

22 വെള്ളി. നാം സുഖമായി താമസിച്ചു. തേവോദോസിയോസ് മെത്രാച്ചൻ 10 മണിയോടു കൂടി വന്നിരുന്നു. പള്ളി കൂദാശയുടെ കാര്യം നമ്മെ അറിയിച്ചു. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു.

23 ശനി. നാം സുഖമായി താമസിച്ചു. പുലിക്കോട്ടു മെത്രാച്ചന്റെ (ദീവന്നാസ്യോസ്)[47] ഓർമ്മ ഞായറാഴ്ച ആയതുകൊണ്ട് സന്ധ്യാനമസ്ക്കാരം നടത്തുന്നതിന് നാം സെമിനാരിയിൽ പോയി. നമസ്ക്കാരം കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. നമ്മോടുകൂടി താമസിച്ചു.

24 ഞായർ. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയായിരുന്നു. പുലിക്കോട്ടു ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മയും ആയിരുന്നു. നാം രാവിലെ പഴയസെമിനാരിയിലേക്കു പോയി. വിശുദ്ധ മൂന്നിന്മേൽ കുർബാനയായിരുന്നു. അത്താനാസിയോസ് മെത്രാച്ചനും, പഴയസിമ്മനാരി മാനേജരും പെരുനാളിൽ സംബന്ധിച്ചിരുന്നു. കുർബാന കഴിഞ്ഞ് അത്താനാസിയോസ് മെത്രാച്ചൻ അല്പസമയം പ്രസംഗിക്കയും തുടർന്നു കബറിങ്കൽ പ്രാർത്ഥന നടത്തുകയും ഉടനെതന്നെ റാസ ആരംഭിക്കയും ചെയ്തു. 10 3/4 മണിയോടു കൂടി എല്ലാം ഭംഗിയായി കഴിച്ച ശേഷം നാം വിശ്രമിച്ചു. തീമോത്തിയോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉടനെതന്നെ നട്ടാശ്ശേരി പള്ളിയിലേക്കു പോകയും ചെയ്തു. ഉച്ചമേശയും കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു.

25 തിങ്കൾ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു. കൊല്ലത്തു നിന്നും വന്ന ട്രെയിൻ[48] നമ്മുടെ ചാപ്പലിന്റെ പടിഞ്ഞാറെ വരാന്തയിൽ പോയി നാം കാണുകയുണ്ടായി.

26 ചൊവ്വാ. വാകത്താനം പള്ളിയിൽ നിന്നും പുന്നൂസ് കത്തനാരും കുറിയാക്കോസ്സും കത്തനാരും പീലിപ്പോസ് കത്തനാരും വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. വാകത്താനം പള്ളി സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു വിശ്രമിച്ചു.

(തുടരും)



പ. ഗീവർഗീസ് രണ്ടാമൻ ബാവായും മാത്യൂസ് മാർ ബർണബാസും

15-6-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ചന്ദനപ്പള്ളി കൊപ്പാറ അച്ചനും ദാവീദച്ചനും വന്നു. അവരുടെയിടയിലുള്ള ചില്ലറ വഴക്കുകളെപ്പറ്റി പറഞ്ഞു. തൽക്കാലം നാം അവിടെ ചെന്നു പറഞ്ഞു തീർക്കുന്നതു വരേക്കും അച്ചന്മാർ ഇരുവരും അവരവരുടെ തവണകളിൽ പണം എടുത്തു സൂക്ഷിച്ച് കണക്കെഴുതണമെന്നും നാം അവിടെ ചെല്ലുമ്പോൾ നമ്മെ കണക്കും പണവും മറ്റും ഏല്പിക്കണമെന്നും മറ്റും പറഞ്ഞ് കല്പന ഇരുവർക്കും കൊടുത്തു. മണലിൽ യാക്കോബ് കത്തനാർ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തു നിന്നും വന്നു. രാത്രി താമസിച്ചു. കേസ് കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. പെരുമ്പാവൂർ കല്ലറയ്ക്കൽ പറമ്പിൽ മാത്തു കത്തനാർ (പിന്നീട് മാത്യൂസ് മാർ ബർണബാസ്) വന്നു. ടിയാൻ സെക്കന്ദ്രബാദിലേക്കു തേവോദോസ്യോസ് മെത്രാച്ചൻ പറഞ്ഞതനുസരിച്ച് പോകയാണെന്നും മറ്റും പറഞ്ഞു. ഇവിടെ നിന്നും മൂറോനും സൈത്തും തബലൈത്തായും പാറേട്ടച്ചൻ കൊച്ചുമെത്രാച്ചന് (പുത്തൻകാവിൽ തിരുമേനി) ഉപയോഗിക്കുന്നതിന് കൊടുത്തിരുന്ന കാസായും കൊടുത്തയച്ചു. രാത്രി ഇവിടെ താമസിച്ചു.

16-6-1951. കോട്ടയം. മണലിൽ യാക്കോബ് കത്തനാർ രാവിലെ പോയി. നാം വി. കുർബ്ബാന അർപ്പിച്ചു. പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെയും നമ്മുടെയും ജന്മദിനവും, മാർ ഔദേൽ ബാവായുടെ പെരുന്നാളും ആയിരുന്നു ഇന്ന്. ജന്മദിനം പ്രമാണിച്ച് ഉച്ചയ്ക്കു സാധുക്കൾക്ക് ചോറു കൊടുത്തു. മാത്തു കത്തനാരെ സെക്കന്ദ്രബാദ് പള്ളി വികാരിയായി നിയമിച്ചുകൊണ്ടുള്ള കല്പന കൊടുത്തു. ടിയാൻ നാളെ വി. കുർബ്ബാനയ്ക്കു ശേഷം പെരുമ്പാവൂർ നിന്നും സെക്കന്ദ്രബാദിനു തിരിക്കുന്നതാണ്.

(പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പിൽ നിന്നും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കഥ

ബൂബിലി അഥവാ നിസർഗ്ഗ പൗരോഹിത്യം



ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്

I

ഇളവെയിൽ എങ്ങും തിളങ്ങി. ദീനദേവതാവദനത്തിൽ മന്ദഹാസമയൂഖം വിളങ്ങി. കത്തീഡ്രൽ ദേവാലയത്തിൽ കന്യാസ്ത്രീമണികളുടെ കളമംഗള ഗാനം മുഴങ്ങി. മണിനാദ പരമ്പര ഇരമ്പി. സർവ്വത്ര മനോഹാരിത്വം തുളുമ്പി.

1926 ജനുവരി മാസത്തെ ഒരു സൂര്യവാരം. തൂത്ത് വൃത്തിയാക്കിയ എറണാകുളം രാജവീഥിയിലൂടെ ജനങ്ങൾ മന്ദമായി കടന്നുപോകുന്നു. തികച്ചും വാർണീഷ് തിളങ്ങുന്ന റിക്ഷാവണ്ടികളുടെ വിലോല ചക്രങ്ങൾ ഓരോന്നും ബാലസൂര്യകിരണങ്ങളെ വെൺപട്ടു നൂലുകളായി നൂറ്റ്കൊണ്ട് വീഥിവിരിപ്പിൽ അവിടവിടെയായി അരികു കര ചാർത്തി നീളെ പായുന്നു. വിവിധ വസ്ത്രവേഷധാരിണികളായ യൂറോപ്യൻ യുവതികൾ ദേവാലയ ഭാഗത്തേക്ക് കൂട്ടംകൂട്ടമായി നടകൊള്ളുന്നുണ്ട്. എങ്ങും തിക്കില്ല, തിരക്കില്ല, ഒച്ചയില്ല, സംഭ്രമമില്ല. എവിടെയും രവിവാരത്തിന്റെ അതിപ്രശാന്തമായ ഒരു ആനന്ദ നർത്തനം. ഒരു ശുദ്ധീകരണം. ഒരു നവ്യചൈതന്യം തന്നെ.

എറണാകുളം ജയിലിന്റെ വടക്കുവശത്തുള്ള ശില്പകലാലസിതമായ ഒരു മനോഹര സൗധത്തിലായിരുന്നു കൊച്ചിയിലെ അന്നത്തെ ചീഫ് മെഡിക്കൽ ആഫീസർ താമസിച്ചിരുന്നത്. ചീഫ് കോടതി മണിമാളികയിലെ ഘടികാഘണ്ടാനാദം ഒൻപത് പ്രാവശ്യം മുഴങ്ങി ഇരമ്പി ശ്രുതിധാര മീട്ടിയതിനൊപ്പം-

ചിൽക്കാതലേശുവിൻ
തൃക്കാൽക്കുളിരൊളി
ഇപ്പാപി തൻ വഴി
ക്കെക്കാലമാശ്രയം;

തൃപ്പാദ സേവനം
മൽപ്പുണ്യ പൂരകം
തപ്പാതെ നേർവഴി
ക്കപ്പാനയിക്കണേ;

മണ്ണായിടുന്നൊരെന്റെ
കണ്ണീർ കൈക്കൊണ്ടു കൃപ-
ക്കണ്ണാ, കനിഞ്ഞു മേന്മേൽ
പുണ്യമണച്ചീടേണേ.

എന്നിങ്ങനെ അതിമധുരതരമായി പാടിക്കൊണ്ട് അത്യന്തം സുലളിതസുഭഗനായ ഒരു യുവാവ് സാവധാനം ഗോവണിപ്പടി കയറി മുകളിലത്തെ നിലയിൽ റോഡിന് അഭിമുഖമായിട്ടുള്ള സന്ദർശന മുറിയിലേക്ക് പ്രവേശിച്ചു.

ബൂബിലിക്ക് പത്തൊൻപത് വയസ്സ് പ്രായം. നല്ല ആരോഗദൃഢഗാത്രൻ. കറയറ്റ കനകകോമളൻ. കാപട്യമറ്റ കരുണാശീതളൻ. പരിശുദ്ധതയിൽ ദേവദൂതൻ. പരമാർത്ഥതയിൽ പിഞ്ചു ശിശു.

ആ സുവർണ്ണ തേജസ്സിയായ സുകുമാരൻ സമീപത്തുണ്ടായിരുന്ന ഒരു വെണ്ണക്കൽ മേശയോടു ചേർന്നിരുന്ന് കൈവശമുണ്ടായിരുന്ന ക്രിസ്ത്യാനുകരണം (*Imitation of Christ*) എന്ന വിശിഷ്ട ഗ്രന്ഥം അടയാളനാട കണ്ട് വിടർത്തി അത്യന്തം പ്രശാന്തചിത്തനായി തന്നോടും, ജഗദീശ്വരനോടും, മൗനസംഭാഷണത്തിനായി മുതിർന്നു. ഇടയ്ക്കിടയ്ക്ക് സ്വാന്തരംഗപരിശോധനത്തിനെന്നതിന്മണ്ണം ആ യുവാവിന്റെ നേത്രമണികൾ തെക്കുവശത്തുള്ള ജനാലയിൽ

നിരപ്പെ തൂങ്ങുന്ന രസപ്പളുങ്കുഞാത്തുകളുടെ ഇടയിലൂടെ പൂന്തോട്ടത്തിലേക്ക് ഉദാസീനമായി വീക്ഷിക്കുന്നുണ്ടായിരുന്നു. അടുത്ത മുറിയിൽ നിന്ന് മാതാവ് അപ്പോൾ അവിടേക്കു വന്നു. ദയാവത്സലയായ ആ സ്വാധി, സ്നേഹമസൃണമായ സ്വരത്തിൽ ചോദിച്ചു:-

"ബൂബിലിക്ക് എന്താണ് ഇന്നൊരു വല്ലായ്മ. രാത്രിയിൽ ഉറക്കം ശരിയായില്ലെന്നുണ്ടോ."

"ഒന്നുമില്ലമ്മാ; ഞാൻ ക്രിസ്താനുകരണം വായിച്ച് ചിന്തിക്കയായിരുന്നു." അല്പനിമിഷം കഴിഞ്ഞ് വിചാരവീഥിയിൽ നിന്നു വിരമിച്ചിട്ടെന്നവണ്ണം ബൂബിലി തുടർന്നു പറഞ്ഞു:- "ലോകം ഒന്നുപോലെ വെറുത്തു തള്ളുന്ന അധർമ്മികളേയും, പാതകികളേയും, വിശുദ്ധീകരിച്ച് ഒരു ഉറ്റ മാതാവിനൊപ്പം തിരുമാറിലണച്ച് ആശ്വസിപ്പിപ്പാൻ പരമദയാസമ്പന്നനായ യേശുക്രിസ്തു സദാ കാത്തിരിക്കുന്നുവെന്ന് തോമസ്സ് ഏ. കേമ്പിസ്സ്, ഗ്രന്ഥത്തിന്റെ ഈ ഭാഗത്ത് എത്രയും ഹൃദയാകർഷകമാംവണ്ണം വിവരിച്ചിരിക്കുന്നമ്മാ."

"അതേ. ഒറ്റിക്കൊടുപ്പാനടുത്ത യഹൂദാസ്ക്കറിയോത്തിനു പോലും ചുംബിപ്പാനായി സ്വന്തം കവിൾത്തളിർ ചായിച്ച് കൊടുത്ത ആ അൻപുടയ തമ്പുരാനല്ലാതെ അങ്ങനെയുള്ള കൊടുംപാതകികൾക്ക് മറ്റാരാണ് ആശ്രയം." മാതാവ് മൃദുവായ സ്വരത്തിൽ മറുപടി പറഞ്ഞു.

ഏതോ കാര്യവശാലെന്നതിന്മണ്ണം ജയിൽ മുറ്റത്ത് അപ്പോൾ പോലീസു സൈന്യങ്ങളുടെ ഒരു തിരക്കുണ്ടായി. വീഥികളിൽ അവിടവിടെ നിന്ന് കാണികളായി പലർ ജയിൽ ഗേറ്റിങ്കൽ ഓടിക്കൂടുന്നുണ്ടായിരുന്നു. പോലീസുകാരിൽ ചിലർ വാളുകൾ ഏന്തി തെയ്യാർ നിൽക്കുന്നതും മറ്റു ചിലർ കാര്യമുറയ്ക്ക് ജയിലിനുള്ളിലേക്ക് പോകുന്നതും ബൂബിലി കണ്ടു. അത് ഒരു അസാധാരണ സംഭവമായിരുന്നു.

അല്പസമയം കഴിഞ്ഞ് ഏകദേശം നാല്പത്തഞ്ച് വയസ്സ് പ്രായം തോന്നിക്കുന്ന ഏതോ ഭീമകായനായ ഒരു കരിംകൂറ്റനെ ഒരു ഡസൻ പോലീസുകാർ കൂടി വട്ടമിട്ട് അത്യന്തം സൂക്ഷ്മതയോടെ ഗേറ്റിങ്കലേക്ക് നയിച്ചു. ബലിഷ്ഠഗാത്രന്മാരായ അവരുടെ ചുമതലയുടെ ഗൗരവത്തെക്കാൾ അധികം ആ കുറ്റക്കാ

രന്റെ അപരാധവൈപുല്യത്തെ പേടിയാവുംവണ്ണം വെളിപ്പെടുത്തുമാറ് ഊരിപ്പിടിച്ച പന്ത്രണ്ട് വാളുകൾ അവരുടെ കൈകളിൽ രാജാധികാര ചൈതന്യത്തോടു കൂടി മിന്നിത്തിളങ്ങി. ഗേറ്റിനോട് സമീപിച്ചു നിന്നിരുന്ന ജനക്കൂട്ടം അപ്പോഴേയ്ക്ക് ഭയചകിതരായി നിരത്തുവക്കത്തേക്ക് ഓടിഒഴിഞ്ഞു. മറ്റു പലർ ആ അപൂർവ്വ കാഴ്ച കാണ്മാൻ അങ്ങിങ്ങായി അടുത്തു കൂടി. ജനത്തിരക്ക് മൂലം റിക്ഷാവണ്ടികളുടെ സ്വച്ഛന്ദഗതിക്ക് തന്നെയും തടസ്സം നേരിട്ടു.

“എന്താണമ്മാ, അവിടെ ഒരു വലിയ ബഹളം. ഒരു ജയിൽപ്പുള്ളിയെയല്ലെ കൊണ്ടുപോകുന്നത്.” ഗേറ്റിങ്കലേക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ബൂബിലി ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു.

“അതാണ് അറുകൊലത്താര്.” മാതാവ് ആ ഭാഗത്തേക്ക് ശ്രദ്ധാപൂർവ്വം നോക്കി മറുപടി തുടർന്നു:- “ഇവനെയാണ് തൂക്കിക്കൊല്ലാൻ വിധിച്ചതായി പത്രത്തിൽ വായിച്ചത്. അതിലേക്കായി അവനെ തൃശൂർക്ക് കൊണ്ടുപോകുകയാണ്. ഇന്നലെ വൈകിട്ട് ജയിൽ സന്ദർശനം കഴിഞ്ഞു മടങ്ങി വന്നപ്പോൾ ബാപ്പു (ഡാക്ടർ) ഇവന്റെ കാര്യമാണു പറഞ്ഞത്.”

“അറുകൊലത്താരുവോ. ഇവനാണോ ദേവജി മൂൺജിയുടെ മകനെ കഴുത്തൊടിച്ച് കൊന്നത്?”

“മൂൺജിയുടെ മകനെ മാത്രമോ; അതുപോലെ വേറെ ആറോ ഏഴോ കൊലപാതകം കൂടി ഇവന്റെ പേരിൽ തെളിഞ്ഞിട്ടുണ്ട്. ഈ അടുത്ത കാലത്തെങ്ങും ഇങ്ങനെയൊരു മനുഷ്യരാക്ഷസൻ ഉണ്ടായിട്ടില്ലെന്നാണ് ബാപ്പു പറഞ്ഞ് കേട്ടത്.”

“എന്നിട്ട് ഇത്രയും കാലം ഇവനെ ബന്ധിപ്പാൻ കൊച്ചി പോലീസിന് കഴിഞ്ഞില്ലെന്നോ.”

“ബന്ധിക്കയോ. സമീപിക്കുന്നതിനു തന്നെയും ആർക്കാണ് ധൈര്യമുള്ളത്. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ജയിലുകളുടെ ഇരുമ്പഴികളെല്ലാം ഇവന് ചുള്ളിക്കമ്പുകളാണെന്നാണ് പറയുന്നത്. കൈവിലങ്ങുകൾകൊണ്ടു ഇവനെ ഒരിക്കലും അമർത്തുവാൻ സാധിക്കയില്ലെന്ന് കണ്ടിട്ടാണ്, അരയ്ക്കും കാലിനും കൂടി ചങ്ങല വച്ചിരിക്കുന്നത്. കണ്ടാൽത്തന്നെ എന്തൊരു ഉഗ്രമൂർത്തിയാണ്.”

അത്യന്തം ദാരുണമായ ആറേഴ് കൊലപാതകങ്ങൾ നടത്തി അനേകം പ്രാവശ്യം ജയിൽ ചാടി അടുത്തു മുട്ടുന്ന ആരെയും ഒരൊറ്റ കുതിക്ക് അന്തകപുരിയ്ക്കയയ്ക്കത്തക്ക തീവ്രസന്നദ്ധതയോടു കൂടി ആർക്കുമാർക്കും പിടികൊടുക്കാതെ ദുസ്സഞ്ചരമായ പറമ്പിക്കുളം മലയിടുക്കുകളിൽ ഒളിച്ച് കളിച്ച് നടന്ന ഒല്ലൂർക്കാരൻ അറുകൊലത്താരുവിന്റെ അവസാനത്തെ ആസുരകർമ്മങ്ങളിൽ ഒന്നായിരുന്നു, മട്ടാഞ്ചേരിയിലെ സുപ്രസിദ്ധ വർത്തകപ്രഭുവായ ദേവജി മൂൺജിയുടെ ഏഴു വയസ്സായ ഏക സന്താനത്തിന്റെ രത്നാഭരണങ്ങൾ അപഹരിക്കുന്നതിനായി ആ ഓമനക്കുട്ടിയെ കഴുത്തു പിരിച്ചൊടിച്ച് കടൽപ്പുറം മണലിൽ പൂഴ്ത്തിയത്. രാത്രി പന്ത്രണ്ടു മണിക്കു സർക്കസ്സ് കൂടാരത്തിൽ നിന്ന് റിക്ഷാവണ്ടിയിൽ ബംഗ്ലാവിലേക്കു മടങ്ങിപ്പോകുന്ന മൂൺജിയെ ഒരൊറ്റ അടിക്ക് വണ്ടിയോടു കൂടി നിലത്തു വീഴ്ത്തിയിട്ടാണ് താരു ഈ ഘോരകൃത്യം നടത്തിയത്. കൊച്ചീരാജ്യവാസികളുടെയെന്നല്ല, കഥ ഗ്രഹിച്ചിട്ടുള്ള അനേകായിരങ്ങളുടെ ഗാഢശ്രദ്ധയെ അനുനിമിഷം ആകർഷിച്ചിരുന്നതായ ഈ കേസ് തെളിവിൽ വരുത്തുന്നതിലേക്ക് കൊച്ചീപോലീസ്സിന് സുമാർ രണ്ടു വർഷത്തെ കഠിനയത്നം തന്നെ വേണ്ടി വന്നു. കാരിരുമ്പുണ്ട നടുവെ പിളർത്തി കമഴ്ത്തിയതിനു തുല്യം വ്യായാമവീര്യത്താൽ സംസിദ്ധമായ ആരോഗ്യവിജൃംഭിതയെ തികച്ചും പ്രകാശിപ്പിക്കുന്ന ബലിഷ്ഠതരമായ മാംസപേശികളോടു കൂടിയ ആ ഭീമ വിഗ്രഹത്തെ അത്യന്തം ബലശാലികളും ധീരന്മാരുമായ മൂന്നു ഡസൻ നിയുക്ത സൈന്യങ്ങൾ ഒന്നുചേർന്ന് ഉറക്കത്തിൽ മാത്രമാണ്, ബന്ധിച്ചെന്ന് വരുത്തിയത്. അറസ്റ്റിനുശേഷം ഏതാനും ദിവസം കഴിഞ്ഞ് തൊണ്ടി എടുപ്പിക്കുന്നതിനായി ഒരു സംഘം പോലീസുകാർ കൂടി താരുവിനെ ചങ്ങല വെച്ച് സ്വഗൃഹത്തിലെത്തിച്ചപ്പോൾ, ബുദ്ധിഹീനമായി സംസാരിച്ച് തന്റെ ഒളിവിടം വെളിപ്പെടുത്തിയെന്ന കാരണത്താൽ ഒരൊറ്റ പ്രഹരത്തിന് പൂർണ്ണ ഗർഭിണിയായ ഭാര്യയുടെ ഉടലും ഉയിരും വേറാക്കുകയാണ് ആ കൊടുംക്രൂരൻ ചെയ്തത്.

താരുവിന്റെ ക്രൂരകൃത്യങ്ങൾക്ക് അറുതിവന്നവിധം താൻ ചെയ്തിട്ടുള്ള കൊലക്കുറ്റങ്ങളെല്ലാം അവൻ കോടതിയിൽ തുറന്ന് സമ്മതിച്ചു. ഈ നിഷ്ഠൂര കർമ്മങ്ങൾക്കെല്ലാം കൂടി നിയതിയുടെ അന്തിമ ശിക്ഷയ്ക്ക് പുറമെ രണ്ടു മാസത്തെ ഏകാന്തത്തടവും അനന്തരം വധശിക്ഷയുമായിരുന്നു ചീഫ് കോടതിയിൽ നിന്ന് നൽകിയത്. താരു ഒരു തൂക്കുപുള്ളിയായി രണ്ടു മാസത്തെ ജീവിതവും കൈയിലേന്തിക്കൊണ്ട് ജയിൽഗേറ്റ് കടന്ന് രാജപാതയിൽ പ്രവേശിച്ചതോടെ തന്റെ തലയ്ക്കുമേൽ ആടുന്നതായ കഴുകുമരക്കയറിന്റെ ഭയങ്കരതയെ ഓർത്ത് നെടുതായൊന്ന് നിശ്വസിച്ചു. ചുറ്റും പരന്നുകാണുന്ന ജനബാഹുല്യത്തിൽ നിന്ന് തന്റെ മേൽ നിർദ്ദയം പായുന്നതായ വീക്ഷണാസ്ത്ര സഹസ്രങ്ങളിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിനായിട്ടോ, അഥവാ ബാഹ്യലോകവുമായിട്ടുള്ള തന്റെ സർവ്വബന്ധങ്ങളും അവസാനിച്ചിരിക്കുന്നതിന്റെ ലക്ഷ്യമായിട്ടോ, താരു ചങ്ങല കിലുങ്ങുന്നതായ കൈകൾ ഉയർത്തി തന്റെ ചെറിയ തോർത്തുമുണ്ട് വലിച്ചിട്ട് തല മൂടി.

അറുകൊലത്താരുവിനെ തൂക്കിലിടാൻ ഇറക്കി കൊണ്ടുപോകുന്നുവെന്നുള്ള വർത്തമാനം വിദ്യുച്ഛക്തി വേഗത്തിൽ രാജവീഥി മുഴുവൻ പരന്നു. കേട്ടവർ, കേട്ടവർ, ആ കൊലയാളിയെ ഒരു നോക്ക് കാണുന്നതിനായി നിരത്തുവക്കത്തേക്കും, തീവണ്ടിസ്റ്റേഷനിലേക്കും ഓട്ടമായി.

II

ബൂബുലിക്ക് ആൾപ്പെരുപ്പം കൊണ്ട് അറുകൊലത്താരുവിന്റെ മുഖം ശരിയായി കാണ്മാൻ കഴിഞ്ഞില്ല. നീതിയും നിയമവും എന്നേക്കുമായി കെട്ടറുത്ത് തള്ളിയ ആ മനുഷ്യജീവിയെ ശരിക്ക് ഒന്ന് കണ്ടാൽ കൊള്ളാമെന്ന് യുവാവിന് താല്പര്യമുണ്ടായി. മാതാവ് ആ മുറിയിൽ നിന്ന് പോയശേഷം ബൂബിലി അതിനെ സംബന്ധിച്ച് ഗാഢമായി ആലോചിച്ചു. ന്യായാധീശ സ്ഥാനത്തുനിന്ന് നൽകപ്പെട്ട ശിക്ഷയായിരുന്നുവെങ്കിലും, ജീവിതത്തിന്റെ മദ്ധ്യഘട്ടത്തിൽ തൂക്കുമരക്കുടുക്കിൽ കഴുത്ത് കടത്താൻ ദുര്യോഗം സിദ്ധിച്ച ആ കുറ്റവാളിയുടെ നേരെ ആ യുവാവിന് സഹതാപം ഉദിച്ചു. താരു തീവണ്ടിസ്റ്റേഷന്റെ ഗേറ്റ് കടന്നതോടെ, ബൂബിലി ആ കൊലപാതകപ്പുള്ളിയുടെ പിമ്പിലായി എത്തിക്കൂടി.

ബൂബിലിക്ക് ആയുസ്സിലെ ഒന്നാമത്തേതും, ഒടുക്കത്തേതുമായ ഒരു ഭീകരദർശനമായിരുന്നു അത്. ഭൂമുഖത്ത് ഇതേവരെ പ്രത്യക്ഷപ്പെട്ടിട്ടുള്ള സർവവിധ നിഷ്ഠൂരകർമ്മങ്ങളും, ആസുരവൃത്തികളും, കിരാതഭാവനകളും, ഒന്നാകെ കെട്ടിപ്പിണഞ്ഞ് ഉടമ്പെടുത്ത്, സമീപസ്ഥമായ സർവപ്രകൃതി വസ്തുക്കളേയും രൂക്ഷോച്ഛ്വാസ വിഷജ്വാലയാൽ വരട്ടിക്കളയുന്നതായ ഒരു ഭൈരവ രക്ഷസ്സിനെയാണ് താൻ സമീപിച്ചിരിക്കുന്നതെന്ന് അപ്പോൾ മാത്രമേ യുവാവിന് മനസ്സിലായുള്ളു. ജീവചൈതന്യത്തെ ഒരൊറ്റ നിമിഷത്തിൽ സ്തംഭിപ്പിച്ചു കളയുന്നതായ സർപ്പവിഷത്തിന്റെയും, ശവത്തിനുമേൽ ശവത്തെ കുന്നുകൂട്ടുന്നതായ മഹാമാരിയുടേയും, വെന്തതും വേകാത്തതുമായ ശവശരീരങ്ങളും അസ്ഥികോലങ്ങളും അങ്ങിങ്ങായി ചിന്നിച്ചിതറിയ ചുടലക്കാടിന്റെയും, പാതാളത്തോളം ഭൂമി രണ്ടായിപ്പിളർന്ന്, നോക്കുന്ന ആർക്കുംതന്നെ തലച്ചുറ്റൽ ഉണ്ടാക്കിത്തീർക്കുന്നതായ അവസാനമില്ലാത്ത ഇരുൾക്കുണ്ഡത്തിന്റെയും, അർദ്ധരാത്രിയിൽ ഏതോ ഒരു ഇടവഴിയുടെ കോണിൽ എരിപന്തങ്ങളുടെ ഇടയിലായി കടുനിണത്തിൽ മുങ്ങിക്കിടക്കുന്ന ഗുരുതിപ്പോളകളുടെയും, ഒരു പൈശാചിക നർത്തനം, ഒരു ബീഭത്സ സമ്മേളനം, ആ കൊലയാളിയുടെ ക്രൂരമുഖത്ത് നിഴലടിക്കുന്നതായിക്കണ്ട് ബൂബിലി വല്ലാതെ ഭയപ്പെട്ടു.

തീവണ്ടിസ്റ്റേഷനിൽ യാത്രക്കാരായി കൂടിയിരുന്നവരിൽ ഒട്ടുവളരെപ്പേർ ആ തൂക്കുപുള്ളിയെ കാണുന്നതിന് പ്ളാറ്റുഫോറത്തിന്റെ ഒരു ഭാഗത്തായി ചുറ്റും നിരന്നു. ഊർജ്ജസ്വലന്മാരായ പോലീസുകാരുടെ മേൽനോട്ടത്തിൽ അരയ്ക്കും, കൈകാലുകൾക്കും ചങ്ങലയും വിലങ്ങും വയ്ക്കപ്പെട്ടിരുന്ന ആ കൊലപാതകനെപ്പറ്റി ആർക്കും അത്ര തന്നെ ഭയമുണ്ടായിരുന്നില്ല. എന്നാൽ അറുകൊലത്താരുവിനെ പരിചയമുണ്ടായിരുന്ന ചിലർ അത്യന്തം ഹാസ്യസ്വരത്തിൽ അവന്റെ പൂർവകഥകളെപ്പറ്റി ഓരോന്ന് പറവാൻ തുടങ്ങിയതോടെ ആ തൂക്കുപുള്ളിയുടെ ഭാവം മാറി. ആ ലോഹകായൻ കോപരസപ്രചുരമായ മുഖം ഉയർത്തി ചുറ്റും നോക്കി സംഹാരരുദ്രനെപ്പോലെ ഗർജ്ജിച്ചു:-

“ദൂരെ പൊയ്ക്കൊള്ളണം. അടുക്കരുത്. ഞാൻ ഉഗ്രസർപ്പമാണ്. ഞാൻ തീത്തൈലമാണ്. ഞാൻ ഗുരുതിക്കത്തിയാണ്. എന്നെ അറിയാമോ? ഞാൻ ആനമറുതായാണ്.” പാപ്പാനെ ചവുട്ടിച്ചതച്ച് കൊമ്പിൽ കോരി കൊലവിളിക്കുന്ന മദയാനകണക്ക് താരു അത്യുച്ചത്തിൽ അലറി:- “ഞാൻ ഭീമരക്ഷസ്സാണ്. ഈ ചങ്ങലയെല്ലാം എനിക്കു പുല്ലാണ്. അറുകൊലത്താരുവിന് ഇത് ഒരൊറ്റ മൂച്ചിന് പർപ്പടകമാണെന്ന് ഓർത്തുകൊള്ളണം. തൂക്കിനുമേൽ തൂക്കില്ലെന്നറിയാമോ?”

താരുവിന്റെ തുറുകണ്ണുകൾ പട്ടടയ്ക്കിടയിലൂടെ ശവം കരിച്ച് കാളുന്നതായ ചുടലത്തീജ്വാലപോലെ രൗദ്രരക്തതയാൽ ഭയങ്കരങ്ങളായി ചമഞ്ഞു. ആറ്റുതടിയിൽ വെട്ടിയ വക്കത്തുളപോലെ ഇരുൾക്കുഴിയാർന്നതായ ആ ഘാതകന്റെ പൊന്തൻ മൂക്ക് ക്രോധരൂക്ഷതയാൽ വിജ്രംഭിച്ച് വിടർന്നു. വക്ത്രയന്ത്രച്ചുറയിലെ വജ്ര ചക്രങ്ങൾ ആസകലം പൈശാചരൗദ്രതയാൽ ഇടമുറിയാതെ ഞെറുഞെറുമ്മിത്തേറി. പേടി തോന്നിപ്പിക്കുന്നതായ ഇരുമ്പുതുടലുകളുടെ കിലുകിലാരവത്തോടിടകലർന്നു മുഴങ്ങിയതായ ആ ഭയങ്കര ഗർജ്ജനം ഒരു ഭൂതാവേശത്താലെന്നവണ്ണം പരിസരങ്ങളെ അത്യന്തം ഭയാനകമാക്കിത്തീർത്തു.

ക്രോധതാമ്രാക്ഷനായ ആ ഘോരമൂർത്തി ഉച്ചത്തിൽ മുരണ്ടു:- "പറിക്കും ചങ്ങല ഞാൻ. എന്നെ പരിഹസിക്കുകയോ! അധിക്ഷേപിക്കുകയോ! പുണ്ണിൽ കൊള്ളിവയ്ക്കയോ! അത്രയ്ക്ക് മുഷ്ക്കോ! ഞാൻ വിലങ്ങ് ഒടിക്കും. ഞാൻ കൊന്നുകളയും. ഞാൻ ശ്വാസം മുട്ടിക്കും. കഴുത്തു പിരിച്ചൊടിക്കും. ചങ്ക് പിളർക്കും. ഞാൻ ചുടുചോര കുടിക്കും. ഞാൻ കുടർമാല തിന്നും."

ഇടിമിന്നലേറ്റ മാതിരി ജീവനിൽ കൊതിയോടു കൂടി ജനക്കൂട്ടം പാടെ കിടുങ്ങി തൽക്ഷണം പിന്നാക്കം വാങ്ങി. ജനക്കൂട്ടത്തെ അകറ്റി നിറുത്താൻ ഉദ്യമിച്ച പോലീസുകാർ തന്നെയും അവർ അറിയാതെ തന്നെ ഖഡ്ഗമുഷ്ടികളിൽ കൈ ചേർത്തു. വിശ്രമമുറിയിൽ ഇരുന്ന് മറ്റാരുമായോ നർമ്മസംഭാഷണം ചെയ്തിരുന്ന പോലീസ് ഇൻസ്പെക്ടർ മി. മേനവൻ പെട്ടെന്ന് അവിടെ എത്തി അധികാരസ്വരത്തിൽ ആജ്ഞാപിച്ചു:-

"ആരും അടുത്തു വരരുത്. തൂക്കുപുള്ളിയാണെന്ന് ഓർമ്മിക്കണം. എല്ലാവരും അകന്നുനിൽക്കട്ടെ, ഉം...."

ജനക്കൂട്ടം പിന്നാക്കം തള്ളി മാറുന്ന ബഹളത്തിൽ കല്ലോലപല്ലവങ്ങൾക്കിടയിൽ ചെന്താമരപ്പുഷ്പം പോലെ ഈശ്വരചൈതന്യം വിളങ്ങുന്നതായ ഒരു ദൈവദൂതന്റെ മനോഹര മുഖം മിന്നിമറയുന്നതായി താരുവിനു തോന്നി. എന്നല്ല, അദ്ദേഹത്തിന്റെ കയ്യിൽനിന്ന് ഒരു ചെറിയ പുസ്തകം താഴത്തു വീണതായും ആ കുറ്റവാളിയുടെ ദൃഷ്ടിയിൽപെട്ടു. താരു ഇരുന്ന ഇരിപ്പിൽതന്നെ മുമ്പോട്ട് ആഞ്ഞ് ചങ്ങല നീട്ടി കുടുക്കിയതായ കാൽകൊണ്ട് ആ ചെറു ഗ്രന്ഥം വലിച്ചെടുത്തു. പിൻവശത്ത് മറഞ്ഞ് നിന്നിരുന്ന ബൂബിലിയാകട്ടെ, ആ ഗ്രന്ഥം തന്റെ വകയാണെന്നും മടക്കി വാങ്ങിത്തന്നാൽ കൊള്ളാമെന്നും സമീപത്ത് നിന്നിരുന്ന പരിചിതനായ പോലീസുകാരന്റെ ചെകിട്ടിൽ ഗൂഢമായി പറഞ്ഞു.

കാൺസ്റ്റബിൾ താരുവിനോടു സമീപിച്ച് ശാന്തസ്വരത്തിൽ പറഞ്ഞു:- "പുസ്തകം താരുവിനെന്തിനാണ്? ഇങ്ങു തന്നേക്കണം. ഇതാ അതിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്നു."

"ഉടമസ്ഥനോ. എവിടെ. അദ്ദേഹത്തെ ഞാൻ കൂടി ഒന്നു കണ്ടുകൊള്ളട്ടെ."

താരുവിന്റെ കണ്ണുകൾ ആ ദേവദൂതനെ കാണ്മാനായി ജിജ്ഞാസാഭാരത്താൽ ജനക്കൂട്ടത്തിൽ അങ്ങിങ്ങായി മുട്ടിയുഴറി. അനന്തരം ആ കൊലപ്പുള്ളി ഗ്രന്ഥത്തിന്റെ ചർമ്മാവരണത്തിൽ മുഖബിംബരൂപമായി തങ്കമഷിക്ക് മുദ്രണം ചെയ്തിരുന്ന ഒരു ചെറിയ കുരിശിൽ നിർന്നിമേഷനായി നോക്കി. അതിന്റെ സമീപത്തായി അടിച്ചിരുന്ന ഗ്രന്ഥനാമവും താരു സാവധാനം വായിപ്പാൻ ശ്രമിച്ചു.

കാൺ:- ഉടമസ്ഥൻ ഇവിടെയുണ്ട്. ഞാൻ കൊടുത്തേക്കാം. തന്നേക്കണം.

അറു-താരു:- എനിക്ക് പുസ്തകത്തിന് ആവശ്യമില്ല. തന്നേക്കാം. എങ്കിലും അദ്ദേഹത്തെ ഒന്ന് കാണണമെന്ന് അതിയായ താല്പര്യമുണ്ട്. ആ കരുണനിറഞ്ഞ മുഖം ഒരു നോക്കു കണ്ടാൽ മാത്രം മതി. അതൊരു ദൈവദൂതന്റെ മുഖമാണ്.

ആരോ ചിലരുടെ പിൻവശത്തായി മറഞ്ഞ് നിന്നിരുന്ന ബൂബിലിയുടെ സമീപത്തേക്കായി പോലീസു കാൺസ്റ്റബിൾ പിന്നാക്കം തിരിയുന്നതിനു മുമ്പ് സുകുമാരകളേബരനായ ആ യുവാവ് അല്പം മുമ്പോട്ട് നീങ്ങി കൃപാർദ്രശീതളമായ ഒരു മധുര മന്ദഹാസത്തോടു കൂടി അത്യുഗ്രമൂർത്തിയായ ആ മനുഷ്യവ്യാഘ്രത്തിന്റെ ക്രൂരമുഖത്തേക്ക് നോക്കി. ശരൽക്കാലത്ത് സർവത്ര നറും പാൽക്കതിർ ചിതറുന്ന പൂനിലാവുപോലെ സുശാന്തസുന്ദരമായ ആ പരിശുദ്ധ വീക്ഷണത്തിൽ ദൈവികമായ കരൾക്കനിവും, സ്നേഹമസൃണമായ സഹതാപവും, തള്ളി ഒലിക്കുന്നതായി ആ ഹൃദയമില്ലാത്ത നിഷ്ക്കണ്ടകൻ കണ്ടു. കഞ്ചുകാഞ്ചലത്തിൽ തൊട്ട കഠിനരോഗിണിയിൽ കരളൂറും മുമ്പായി കന്യകാനന്ദനനിൽ നിന്ന് പുറപ്പെട്ട സത്വവൈദ്യുതിക്കൊപ്പം വാചാമഗോചരമായ ഒരു ശക്തിദ്യുതി ആ വഹ്നിമൂർത്തിയുടെ തലച്ചോറിൽ കടന്നു. അന്ധകാരത്തിൽ മിന്നിയ വിദ്യുത്ശലാകപോലെ അഭൗമികമായ ഏതോ ഒരു പ്രകാശനാളം ആ കൊടുംപാതകിയുടെ ഹൃദയത്തിലൂടെ പാഞ്ഞ് അവിടെ ദീർഘകാലമായി കട്ടകെട്ടിപ്പിടിച്ചിരുന്ന തമോഭിത്തി വലയങ്ങളെ ഒന്നാകെ തെളിച്ചുകാട്ടി:- അഹൊ! അടിതൊട്ട് മുടിയോളവും എല്ലാം ബീഭത്സതയും കറുപ്പും കണ്ടകത്തവും ശ്ലേച്ഛതയും ദുർഗ്ഗന്ധവും മാത്രം.

താരുവിന്റെ ഹൃദയം ഞെട്ടിപ്പിടഞ്ഞു. അതികഠിനമായ ഒരു ഉഷ്ണസഞ്ചാരത്താൽ ശരീരം ആസകലം തളർന്നു. അത്യഗാധമായ പാതാളഗർത്തത്തിന്റെ വക്കത്ത് കാലടികൾ കുതറിപ്പോകുന്നതായിത്തോന്നി. ഓർമ്മവച്ച ഒരു ചെറിയ കുട്ടിയായി ഓടിച്ചാടി നടന്ന ബാല്യകാലത്ത് ആ സൗഭാഗ്യദശയോടൊപ്പം കൈവിടപ്പെട്ടുപോയ സ്വന്തം ജീവിതതന്തുവിന്റെ പിരിയഴിഞ്ഞ് ചിന്നിയതായ ഒരു ചെറിയ തുമ്പിൽ കാലപരമ്പരകളെ കടന്ന് പിടിപ്പാൻ ആ കുറ്റക്കാരന്റെ കൈകൾ മുന്നോട്ടാഞ്ഞു.

അറുകൊലത്താരു ബന്ധിതമായ തന്റെ കൈകൾ രണ്ടും നെഞ്ചോട് ചേർത്ത് കൂപ്പി ശിരസ്സ് ആ വിശുദ്ധ ഗ്രന്ഥത്തിന്റെ ആവരണ പാർശ്വത്തിലുണ്ടായിരുന്ന കുരിശിൽ പതിച്ചുകൊണ്ട് ശബ്ദം താഴ്ത്തി പറഞ്ഞു:-

"യേശുമിശിഹായുടെ കുരിശുംകൊണ്ട് കൊച്ചേമാൻ ഈ മഹാപാപിയുടെ അടുക്കൽ വന്നിരിക്കുന്നു."

അല്പനിമിഷം കഴിഞ്ഞ് താരു തല ഉയർത്തിയപ്പോൾ ആ ഗ്രന്ഥത്തിൽ നിന്ന് ഒരു ചിത്രകാർഡ് താഴത്ത് വീണു കിടക്കുന്നതായി കണ്ടു. കുന്തംകൊണ്ട് കുത്തിത്തുറക്കപ്പെട്ടതായ തിരുഹൃദയത്തെ രേഖപ്പെടുത്തിയിരുന്ന ശ്രീയേശുക്രിസ്തുവിന്റെ ഒരു മനോഹര ചിത്രമായിരുന്നു അത്. ആ പരമകൃപാനിധിയുടെ കോമള പ്രതിഛായയെ ആ കൊടുംപാപി വീണ്ടും വീണ്ടും സൂക്ഷിച്ചു നോക്കി. തന്റെയും മനുഷ്യസഞ്ചയത്തിന്റെ ഒട്ടുക്കും പാപശാന്തിക്കായി ബലി നൽകപ്പെട്ട പാപമില്ലാത്ത പാവനമൂർത്തിയുടെ തിരുഹൃദയമാണ് അതെന്ന് ആരോ തന്റെ ഹൃദയകേന്ദ്രത്തിൽ വിളിച്ചു പറയുന്നതായി താരുവിന് തോന്നി. ആ ഘാതകൻ ആ ചെറു ചിത്രത്തെ തന്റെ കണ്ണുകളോട് ചേർത്തണച്ചു. ജീവിതത്തിൽ ഒരിക്കൽ പോലും കണ്ണുനീർ എന്നത് എന്താണെന്ന് അറിഞ്ഞിട്ടില്ലാത്ത ആ കാരിരുമ്പു ഹൃദയൻ - ആ കൊടുംക്രൂരൻ - തന്റെ കണ്ണുകളിൽ നിന്ന് അതിനെ വീടർത്തിയപ്പോൾ അനുപമരുചിരമായ ആ പ്രതിഛായ തികച്ചും നനഞ്ഞുപോയിരുന്നു.

അനേക ശതവർഷങ്ങൾക്ക് മുമ്പ് ശ്രീയേശുക്രിസ്തുവിന്റെ തൃപ്പുങ്കുഴലിണയെ ഒരു മഹാവേശ്യ തന്റെ കണ്ണുനീർ പ്രവാഹത്താൽ കഴുകി. ഇന്നാവട്ടെ, ആ നരപരമേളിതന്റെ തിരുഹൃദയ മുകുളത്തെ ഘോരാപരാധിയായ അറുകൊലത്താരുവിന്റെ ചുടുകണ്ണീർത്തുള്ളികൾ തികച്ചും കുളിർപ്പിച്ചു.

ലോകോദ്ധാരകനായ സനാതന വിഗ്രഹന്റെ കുത്തിത്തുറക്കപ്പെട്ടതായ പാവന ഹൃദയം അത് മഹാപാപിനിയായ മഗ്ദലനമറിയയുടെ ഭീമാപരാധങ്ങളെ മാർജനം ചെയ്തതത്രെ. കല്ലെറിഞ്ഞ് കൊല്ലാൻ വിധിക്കപ്പെട്ട വ്യഭിചാരിണിപ്പെണ്ണിൽ കാരുണ്യവർഷം പൊഴിച്ചതത്രെ. സ്വന്തം കന്നത്തടിച്ച കഠിന കണ്ഠന്റെയും, പാണിതലത്തിൽ ആണി വീക്കിയ പാഷണ്ഡിയുടെയും പാതകകർമ്മത്തിൽ തിരുമനമലിഞ്ഞതത്രെ. പാപശാന്തിക്കായി പിളർത്തപ്പെട്ട ആ കാരുണ്യഹൃദയത്തിന്റെ സാഗരവിശാലത ഒരു വശത്ത്. ആ തഴമ്പിച്ച കൊലപാതകപ്പുള്ളിയുടെ കൊടുംക്രൂര കർമ്മങ്ങൾ മറുവശത്ത്. അകം ചുട്ട് അരികത്തണയുന്ന ഘോരദുഷ്ക്കർമ്മികളെ ആശ്ലേഷിപ്പാൻ നീട്ടപ്പെട്ടതായ വാത്സല്യ ഹസ്തങ്ങൾ ഒരു ഭാഗം. ചോരപ്പുഴയിൽ ആറാടിയ നിഷ്ഠൂര ഹസ്തങ്ങൾ മറുഭാഗം. ദയാപൂരം ഒരെടത്ത്. ശിലാഹൃദയം മറ്റൊരെടത്ത്. ഏകത്ര മരണം. അന്യത്ര ജീവൻ.

താരു തല ഉയർത്തി ബൂബിലിയുടെ മുഖത്തേക്ക് ആശാപൂർവ്വം നോക്കി. ഹൃദയഗഹ്വരത്തിന്റെ അഗാധഹ്രദത്തിൽ പൊന്തിക്കിടക്കുന്ന ഭീമഭീകരമായ ഭൂതകാല സംഭവങ്ങളുടെ ഓരോ കോണുകളിലേക്കും ആ കുറ്റവാളിയുടെ അന്തർനേത്രങ്ങൾ അതിനിശിതമാംവണ്ണം തുളച്ചുകയറി. ഹൃദയമഥനത്തിന്റെ വലിയൊരു ഭൂകമ്പമായിരുന്നു അത്. ശിലാകഠിനമായ അന്തഃകരണത്തിന്റെ അന്ധകാരച്ചുഴിയിലേക്കുള്ള ഒരു കൺമിഴിപ്പ്; ഉണങ്ങിവരണ്ടതായ അന്തരാത്മാവിന്റെ സ്വാതന്ത്ര്യലബ്ധിക്കായുള്ള ചിറകടി; സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും പരസ്പരമാൽസര്യത്തോടു കൂടിയ ഒരു അവകാശത്തർക്കം;

ബലാൽക്കാരമായ ഒരു അതിർത്തി നീക്കൽ; അന്തരീക്ഷമണ്ഡലത്തിലേക്കുള്ള ഒരു അഭ്യുത്ഥാനം; ഒരു സമൂല പരിവർത്തനം തന്നെ.

III

താരുവിന്റെ തല താണു. തൊണ്ടയിൽ എന്തൊ ഒന്ന് തടഞ്ഞു. അന്തർഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് നരകവാതിലോളം പൊന്തിപ്പടർന്ന് നിൽക്കുന്ന മഹാപാപപാദപത്തിന്റെ കട പറിക്കാൻ ചുഴന്നടിക്കുന്ന പ്രചണ്ഡവാതത്തിന്റെ ഭയങ്കരചീറ്റംപോലെ അന്തഃകരണത്തിന്റെ അഗാധഗഹനതയിൽ നിന്ന് വലിച്ചെടുക്കപ്പെട്ടതായ ഒരു നീണ്ട നെടുവീർപ്പ് ആ പാതകിയുടെ മുഖത്ത് നിന്ന് പൊട്ടിപ്പുറപ്പെട്ടു.

പോലീസ് കാൺസ്റ്റബിളിന്റെ പാർശ്വഭാഗം ചേർന്നുനിന്നിരുന്ന ബൂബിലിയുടെ മുമ്പിലേക്ക് താരു ആ ചെറു ഗ്രന്ഥം അത്യന്തം വിനീതനായി നീട്ടിക്കൊണ്ട് അർദ്ധനിമീലിതാക്ഷനായി പറഞ്ഞു:-

“അയ്യോ! ഏമാനെ, ഈ മഹാപാപിയെ യേശുമിശിഹാ കൈക്കൊള്ളുമോ. ഈ പഞ്ചമാപാതകനെ കഴുകി വെടിപ്പാക്കാൻ എന്റെ തമ്പുരാൻ തീരുമാനം കനിയുമോ?”

ഒടുവിലത്തെ വാക്കുകൾ ഉച്ചരിക്കുമ്പോൾ അറുകൊലത്താരുവെന്ന് പ്രസിദ്ധനായ ആ മഹാപാതകിയുടെ തൊണ്ടയിടറിപ്പോയി.

ബൂബിലിക്ക് അല്പനിമിഷത്തേക്ക് മറുപടി പറയുവാൻ ശക്തിയുണ്ടായില്ല. യുവാവ് അശ്രുസങ്കലിതമായ നേത്രങ്ങളോടു കൂടി തല താഴ്ത്തി പറഞ്ഞു:-

“പുസ്തകവും ചിത്രവും നിങ്ങൾക്കായിട്ടിരിക്കട്ടെ.” ആ സ്നേഹശീലൻ അലിവോലുമാറ് തുടർന്നുച്ചരിച്ചു:- “സഹോദരാ, യേശുക്രിസ്തു നിങ്ങൾക്കായി കാത്തിരിക്കുന്നു. ആ അൻപുറ്റ തമ്പുരാന്റെ തിരുമാറിടം നിങ്ങൾക്കായി തുറക്കപ്പെട്ടതാണ്. നിങ്ങളെ വിശുദ്ധീകരിപ്പാൻ തിരുമേനിക്കല്ലാതെ മറ്റൊരുവനാലും കഴിയുന്നതല്ല. സോദരന്റെ ഒരു ദീർഘശ്വാസം മാത്രം മതി.”

“തമ്പുരാന്റെ തിരുമുമ്പിൽ ഒരു ദീർഘശ്വാസം മാത്രമോ? അത്രമാത്രമോ?”

“അതേ. ഹൃദയം തകർന്നതായ ഒരു ദീർഘശ്വാസം മാത്രം അതു മാത്രം.”

താരുവിന്റെ കണ്ണുകളിൽ ആശയുടെയും വിശ്വാസത്തിന്റെയും മൃദുലരശ്മികൾ മിന്നി. ഉള്ളംകൈകൾ താനെ മലർന്നു. ദൃഷ്ടികൾ, ഉന്നതമായ വെൺമേഘശൈലത്തിനപ്പുറത്തായി അഗ്നിത്തേർ മഞ്ചത്തിൽ പെരുന്നിലയരുളി അന്ധകാരച്ചെളിയിൽ നിന്ന് ആദിത്യദേവനെ നിത്യം കഴുകി വെണ്മയാക്കുന്ന പരമദയാലുവായ ജഗൽപിതാവിന്റെ ദിവ്യസന്നിധിയിലേക്കുയർന്നു.

ആ ആസന്നമരണൻ പശ്ചാത്താപ പരിപൂർണ്ണമായ ഹൃദയവേദനയോടെ കേണു:- “അപ്പാ, പൊന്നുടയവനെ, തള്ളിക്കളയാത്ത തമ്പുരാനെ, താരുവിനോടെല്ലാം പൊറുക്കണെ. എല്ലാറ്റിനും പൊറുതി തരണെ.”

പറുദീസാ*യിലെ നവരത്നഗോപുരത്തിൽ നീണ്ട് മുഴങ്ങിയതായ ഒരു മണിനാദ പരമ്പര-സ്വർഗ്ഗീയ ദേവദൂതഗണങ്ങളുടെ സ്വർണ്ണവീണത്തണ്ടുകളിൽ നിന്ന് ഉൽഗളിതമായ ഒരു ആനന്ദ സങ്കീർത്തന ഗാനപ്രവാഹം അനഭിഷിക്താചാര്യനായ ബൂബിലിയുടെ അന്തർ ശ്രോത്രത്തിൽ അനുസ്യൂതമായി പ്രതിദ്ധ്വനിച്ചു.

ചേങ്ങലയടിച്ചു. വണ്ടി പുറപ്പെടാൻ സമയമായി. താരുവിന്റെ മുഴങ്കാലുകൾ സ്വർഗ്ഗസദനത്തിന്റെ അദൃശ്യകനകസോപാന പരമ്പരകളിൽ ഇഴയുകയായിരുന്നു. ആ കുറ്റക്കാരൻ ബൂബിലിയുടെ സന്നിധിയിൽ തല നിലത്തോളം താഴ്ത്തി അപേക്ഷിച്ചു:-

“ഏമാൻ എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചാൽ തമ്പുരാൻ എല്ലാ കുറ്റവും പൊറുത്തരുളും. അവിടുന്ന് തമ്പുരാൻ അയച്ച ദൂതാണ്. അവിടുന്ന് എന്നെ അനുഗ്രഹിച്ച് ഒരു വാക്ക് മാത്രം പറഞ്ഞാൽ മതി. ഒരു വാക്ക് മാത്രം.”

ബൂബിലിയേയും അദ്ദേഹത്തിന്റെ പൂജ്യനായ പിതാവിനേയും പരിചയമുണ്ടായിരുന്ന ഇൻസ്പെക്ടർ മിസ്റ്റർ മേനവൻ തടഞ്ഞ് പറഞ്ഞു:-

“വേണ്ടാ. വേണ്ടാ. താരു വെറുതെ ഇരിക്കണം. മിണ്ടാതിരിക്കണം. ആളുകളെ വെറുതെ ഉപദ്രവിക്കരുത്.”

പ്ലാറ്റുഫോറത്തിൽ ഉണ്ടായിരുന്ന യാത്രക്കാരായ ശ്രോതാക്കളെ ഈ വാക്കുകൾ വല്ലാതെ ഇച്ഛാഭംഗപ്പെടുത്തി. അവർ ആ കൊലപാതകപ്പുള്ളിയുടെ നേരെ ഒന്നാകെ അനുകമ്പ പ്രദർശിപ്പിച്ചു.

പോലീസ് ഇൻസ്പെക്ടരുടെ ആജ്ഞാനുസരണം പുള്ളിയെ കയറ്റുവാനുള്ള തീവണ്ടി മുറിയുടെ സമീപത്തേക്ക് പോലീസുകാർ താരുവിനെ കൊണ്ടു പോയി. ജീവിതത്തിൽ മുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്ത വിധം ആ കൊലപാതകിയുടെ ഹൃദയം ശക്തിമത്തായി അടിച്ചു. നെഞ്ച് വിങ്ങി. ശരീരം വേകുന്നതായും മർമ്മസന്ധികൾ പിളരുന്നതായും തോന്നി. കണ്ഠം പൊട്ടുമെന്നുള്ള മട്ടായി. താരു മിസ്റ്റർ മേനവന്റെ സന്നിധിയിൽ ഗൽഗദ ശബ്ദത്തോടെ കേണു:-

“പൊന്നേമാനെ, എന്റെ അവസാനത്തെ അപേക്ഷയാണെ. ഈ തൂക്കുപുള്ളിക്ക് ഇനി യാതൊരു അപേക്ഷയുമില്ല. യാതൊരു ആഗ്രഹവുമില്ല. ഈ കൊച്ചേമാൻ എന്റെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചാൽ താരുവിന്റെ എല്ലാ പാതകങ്ങൾക്കും പൊറുതി കിട്ടും. അല്ലെങ്കിൽ അതിവേദന കൊണ്ട് ഇപ്പോൾത്തന്നെ ഞാൻ നെഞ്ചുപൊട്ടി മരിച്ചുപോകും.”

വണ്ടിയോട് ഏറെക്കുറെ സമീപിച്ച് നിന്നിരുന്ന ബൂബിലിയുടെ കണ്ണുകളിൽ നിന്ന് ബാഷ്പകണങ്ങൾ ധാരധാരയായി വർഷിച്ച് തുടങ്ങി. സ്നേഹമാത്ര സ്വരൂപനായ ശ്രീയേശുക്രിസ്തു സാദരം സ്വീകരിച്ച ഒരു പശ്ചാത്താപിയുടെ - ഒരു പ്രിയ സഹോദരന്റെ - അന്തിമാപേക്ഷയെ അവിടുത്തെ വിനീത ഭക്തൻ അനാദരിക്കയെന്നുള്ളത് ആ യുവാവിന് സ്മരിക്കാൻ പോലും കഴിവില്ലായിരുന്നു. പക്ഷേ, ഒരൊറ്റ നിമിഷം മുമ്പ് അത്യന്തം ഭയങ്കര മൂർത്തിയായി, അധൃഷ്യനായി, അതിക്രോധനനായി, പ്രത്യക്ഷപ്പെട്ട ഒരു ഘോരസത്വത്തെ സമീപിക്കുക - അതിലും വിശേഷിച്ച് ശിശുഹത്യ ചെയ്വാൻപോലും അറപ്പില്ലാത്ത ഒരു ഭീമരക്ഷസ്സിനെ സ്പർശിക്കുക എന്നുള്ള കഥ ചിന്തിച്ചപ്പോൾ ആ മൃദുലഹൃദയന്റെ ഉള്ളിൽ ഒരു കിടുകിടുപ്പുണ്ടായി. എന്നാൽ മുമ്പിലത്തെ വിലക്ഷണ കീടം ഇപ്പോഴാവട്ടെ, നന്ദനോദ്യാനത്തിലേക്ക് പറന്നുയരുന്ന സുവർണ്ണരൂപിയായ ഒരു ചിത്രശലഭമായി ഒരു നവീന ജന്മം പ്രാപിച്ചിരിക്കുന്നു.

വേപഥുഗാത്രനായ ബൂബിലിയുടെ ഹൃദയത്തെ അദൃശ്യമായ ഒരു ദിവ്യശക്തി വലയം ചെയ്തു. അമാനുഷികമായ ഒരു ധീരതയും അഭൗമികമായ ഒരു സഹതാപവും ആ യുവാവിന്റെ മുഖത്ത് പരന്നു. തന്റെ ഏകപുത്രന്റെ മൃതദേഹത്തോടൊരുമിച്ച് ശ്മശാനഭൂവിലേക്ക് ദുഃഖാർത്തയായി കേണലച്ച് പോകുന്ന നിരാശ്രയിനിയായ നയിനിലെ വിധവയുടെ സമീപത്തേക്ക് വിശ്വവിശുദ്ധികരനായ യേശുക്രിസ്തുവിന്റെ പുണ്യതൃപ്പാദങ്ങൾ എന്നപോലെ ആ ക്രിസ്തുദാസന്റെ കാലടികൾ മുന്നോട്ട് ത്വരിച്ചു.

എൻജിൻവണ്ടി കൊളുത്തി. “കൈകാട്ടി” താണു. പോലീസുകാർ താരുവിനെ തീവണ്ടി മുറിയിൽ കയറ്റി. വണ്ടി പുറപ്പെടാൻ അല്പനിമിഷം മാത്രം. താരു തന്റെ അവസാനത്തെ അപേക്ഷ അനുവദിച്ച് കിട്ടാൻ അത്യന്തം ദയനീയമായവിധം ഉച്ചത്തിൽ നിലവിളിച്ചു. നെഞ്ചത്തടിച്ച് കേണു. ധർമ്മബുദ്ധിയായ മിസ്റ്റർ മേനവൻ ബൂബിലിയുടെ സമീപത്തേക്ക് ചെന്ന് “വിരോധമില്ലെങ്കിൽ അവന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കാം. പക്ഷേ എനിക്ക് അങ്ങനെ അപേക്ഷയില്ല” എന്ന് ഇംഗ്ലീഷിൽ പറഞ്ഞു.

കാൽ തെറ്റി വഴുക്കലിൽ മറിഞ്ഞ പിഞ്ചിളംകുഞ്ഞിനെ പിടിപ്പാൻ മുന്നോട്ടാഞ്ഞ സ്നേഹാകൃഷ്ടയായ മാതാവിനെപ്പോലെ മറുപടി പറയാൻപോലും താമസിക്കാതെ ബൂബിലി തൽക്ഷണം തീവണ്ടി മുറിയുടെ വാതിൽപ്പടിയിൽ എത്തി. ഇൻസ്പെക്ടറുടെ ആജ്ഞാനുസരണം പോലീസുകാർ ഒന്നാകെ ആ കൊലപാതകപ്പുള്ളിയുടെ ചുറ്റും വളരെ കരുതലോടു കൂടി നിലകൊണ്ടു.

അത് ഈശ്വരസന്നിധിയായിരുന്നു. താരു - ആയുസ്സിൽ അതേവരെയ്ക്ക് തല കുനിച്ചിട്ടില്ലാത്ത ആ ഭീമകായൻ - കുടുകുടെ കണ്ണുനീർ ചാടുന്നതായ തന്റെ കവിൾത്തടം ചങ്ങല കിലുങ്ങുന്ന കൈത്തണ്ടുകളിൽ പതിച്ച് ബൂബിലിയുടെ മാറിടത്തിലേക്ക് തലചായിച്ചു. ആ കളങ്കമില്ലാത്ത യുവാവ് തന്റെ ഉള്ളം കൈത്തളിരുകൾ രണ്ടും ആ സഹോദരജീവിയുടെ ശിരസ്സിൽ ശാന്തമായി അണച്ചു. ഭക്തിപാരവശ്യത്താൽ അദ്ദേഹത്തിന്റെ മുഖം മേല്പോട്ടുയർന്നു. കണ്ണുകൾ ലാസറിന്റെ ശവക്കല്ലറവാതിൽക്കൽ കണ്ണീർക്കണം തൂകിയ കരുണാപയോധിയുടെ തൃക്കഴലിണകളിൽ ഏകാഗ്രമായി പതിഞ്ഞു. എല്ലാ ശിരസ്സും ജഗദീശ്വര സ്മരണയാൽ നിശ്ശബ്ദമായി താണു.

---

* പുണ്യാത്മാക്കൾ വിഹരിക്കുന്ന നന്ദനോദ്യാനം. ആദിമ മാതാപിതാക്കളായിരുന്ന ആദാമിനേയും ഔവ്വായേയും ഈ പൂന്തോട്ടത്തിൽ നിന്നായിരുന്നു നിഷ്ക്കാസനം ചെയ്തത്)



ആ സ്വർഗ്ഗീയ പുരോഹിതൻ അത്യുഷ്മള ഭക്തിയോടെ ശാന്തമായി അർത്ഥിച്ചു:- "മഗ്ദലനമറിയക്ക് കണ്ണുനീരൊഴുക്കാൻ തൃക്കാൽ നൽകിയ തമ്പുരാനെ, അങ്ങേ വലത്തുഭാഗത്തെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളന്, പാപമോചനം നൽകിയപ്രകാരം ഈ അപരാധിയായ മകനും പാപശാന്തി നൽകേണമേ. ആണി തറപ്പാൻ അനുവദിച്ചതായ തൃക്കൈകൾ നീട്ടി ഈ എളിയ ദാസനെ എന്നേക്കുമായി സ്വീകരിച്ച് വിശുദ്ധീകരിച്ചാലും."

രണ്ടാം മണിയടിച്ചു. പച്ചവർണ്ണക്കൊടി വീശി. പ്രാണപ്രിയനായ ആത്മനാഥനെ മണിയറമഞ്ചത്തിലേക്ക് എതിരേല്പാൻ പൂമുഖവാതിൽക്കലേക്ക് ചെന്ന സർവാഭരണ വിഭൂഷിതയായ നവോഢയെപ്പോലെ താരുവിന്റെ ഹൃദയം സന്തോഷാധിക്യത്താൽ തുടിച്ചു. മുഖത്ത് ആനന്ദശാന്തി പരന്നു. ബൂബിലി വാതിൽപ്പടിയിൽ നിന്നു പ്ലാറ്റുഫോറത്തിലേക്ക് മന്ദമായി കാൽവച്ചുകൊണ്ട് സുസ്മേരവദനനായി ഉച്ചരിച്ചു:-

"നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. ഒരു പുതിയ ശരീരവും ഒരു പുതിയ മനസ്സും ഒരു പുതിയ ആത്മാവുമായി നിങ്ങൾ യേശുമിശിഹായിൽ ഒരു പുതിയ ജീവിയായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. ഭയപ്പെടരുത്. മരണത്തെ നിങ്ങൾ എന്നേക്കുമായി ജയിച്ചിരിക്കുന്നു. ഇനി അന്ത്യശ്വാസത്തോളവും യേശുക്രിസ്തുവിന്റെ തൃപ്പാദങ്ങളെ മുറുകെ പിടിച്ചുകൊൾക."

"മരണമോ."

ഗാഢവിശ്വാസസൂചകമായ ഒരു മന്ദസ്മിതത്തോടു കൂടി താരു പ്രതിവചിച്ചു:-

"അത് ഒരു വലിയ ലാഭമായി. ഇനി ഞാൻ എന്റെ അരുമ രക്ഷിതാവിന്റെ സ്വന്തമത്രെ. അവിടത്തെ മാറിടത്തിൽ ഞാൻ വിശ്രമിക്കും. എന്റെ അന്ത്യശ്വാസവും ഞാൻ എന്റെ തമ്പുരാന്റെ തൃക്കൈകകളിൽത്തന്നെ...."

എൻജിൻവണ്ടി ഇരമ്പിത്തേങ്ങി. ഉരുൾ വരികൾ ചലിച്ചു. കുഴൽച്ചൂളം മുഴങ്ങി. തീവണ്ടി വാതിൽ അടഞ്ഞു. സ്വർഗ്ഗവാതിൽ തുറന്നു.*

---

* റിട്ടയാർഡു കൊച്ചി ചീഫ് മെഡിക്കൽ ആപ്സർ ദിവാൻ ബഹദൂർ ഡാക്ടർ വി. വർഗ്ഗീസ് അവർകളുടെ കനിഷ്ഠപുത്രനായ ബൂബിലി, ഇൻഡർമീഡിയറ്റു വിദ്യാർത്ഥിയായിരിക്കവെ 1926 ഫെബ്രുവരി 14-ാംനു പരലോകപ്രാപ്തനായിത്തീർന്നു. 1931-10-5-ൽ മിസ്റ്റർ വർഗ്ഗീസ് എന്റെ ആവശ്യപ്രകാരം അയച്ചു തന്നിട്ടുള്ള ഒരു കത്തിൽ ഇതിലെ കഥയുടെ അസ്ഥികൂടത്തിന്റെ വിശ്വാസ്യതയെ സ്പഷ്ടമായി സമ്മതിച്ചിട്ടുള്ളതാണ്. കഥാനായകന് ജഗദീശ്വരൻ നിത്യശാന്തി നൽകട്ടെ.

കോട്ടയം : തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സഭാംഗങ്ങളായ ജനപ്രതിനിധികളെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നേതൃത്വത്തിൽ ആദരിക്കുന്നു. 2026 ജനുവരി 18 ഞായറാഴ്ച്ച മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന ഓഡിറ്റോറിയത്തിൽ വെച്ചാണ് ചടങ്ങ്. ഉച്ചയ്ക്ക് 3 മണിക്ക് ചേരുന്ന സമ്മേളനം സഭയുടെ പരമാധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. വൈദിക ട്രസ്റ്റി ഫാ.ഡോ.തോമസ് വർഗീസ് അമയിൽ അധ്യക്ഷത വഹിക്കും. അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും. ദേവലോകം അരമന മാനേജർ ഫാ.യാക്കോബ് റമ്പാൻ ആശംസകൾ നേരും.

ഭദ്രാസനങ്ങളിൽ നിന്ന് ലഭ്യമായിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ചാണ് സഭാ കേന്ദ്രത്തിൽ നിന്ന് ജനപ്രതിനിധികൾക്ക് അറിയിപ്പ് നൽകിയിരിക്കുന്നത്. അറിയിപ്പ് ലഭിക്കാത്തവർ ദേവലോകം കാതോലിക്കേറ്റ് ഓഫീസുമായി ബന്ധപ്പെടണമെന്നും ഞായറാഴ്ച്ച 3 മണിക്ക് മുൻപായി സമ്മേളനനഗരയിൽ എത്തിച്ചേരണമെന്നും അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ അറിയിച്ചു.

ബോംബെ ഭദ്രാസന സുവർണ ജൂബിലി സമാപനം ഫെബ്രു. ഒന്നിന്

കോട്ടയം: ഓർത്തഡോക്സ് സഭ ബോംബെ ഭദ്രാസന രൂപീകരണത്തിന്റെ സുവർണ ജൂബിലി ആ ഘോഷ സമാപനം ഫെബ്രുവരി ഒന്നിനു ഭദ്രാസന ആസ്ഥാനമായ വാശി അരമനയിൽ നടക്കും. രാവിലെ ഏഴിനു പ്രഭാതനമസ്കാരം, എട്ടിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാനകാർമികത്വത്തിൽ വിശുദ്ധ കുർബാന. തുടർന്നു സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന സമ്മേളനത്തിൽ ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും. സഹായ മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മുഖ്യപ്രഭാഷണം നടത്തും. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ആർച്ച്ബിഷപ് മൈക്കിൾ അനുഗ്രഹപ്രഭാഷണം നടത്തും.

സുവർണജൂബിലിയുടെ ഭാഗമായി കാരുണ്യം, സേവനം, പരിചരണം മേഖലയിൽ 15 പദ്ധതികൾക്ക് തുടക്കം കുറിച്ചു. ബോംബെ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ പ്രവർത്തിക്കുകയും വിവിധ കാരണങ്ങളാൽ ബോംബെ വിട്ടു കേരളത്തിൽ സ്ഥിരതാമസമാക്കിയവരെ ആദരിക്കുന്നതിനായി ജനുവരി 14-നു പരുമല സെമിനാരിയിൽ ബോംബെ സംഗമം നടന്നു. പൊതുസമ്മേളനത്തിൽ കുര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്തായെ ആദരിച്ചു.

തോമസ് കുതിരവട്ടം അന്തരിച്ചു

ചെങ്ങന്നൂർ: കേരള കോൺഗ്രസിന്റെ മുതിർന്ന നേതാവും മുൻ എംപിയുമായ, കല്ലിശേരി പണിക്കരുവീട്ടിലായ കുതിരവട്ടത്ത് തോമസ് കുതിരവട്ടം (80) അന്തരിച്ചു. അവിഭക്ത കേരള കോൺഗ്രസിന്റെ വർക്കിങ് ചെയർമാൻ, ദീർഘകാലം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. രാജ്യസഭാംഗമായിരുന്നപ്പോൾ ബൊഫോഴ്സ് ഇടപാടിനെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റി ഉൾപ്പെടെ പാർലമെന്റിന്റെ വിവിധ കമ്മിറ്റികളിൽ അംഗമായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചു.

കേരള കോൺഗ്രസിന്റെ വിദ്യാർഥി വിഭാഗമായ കെഎസ്സിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ്. കേരള കോൺഗ്രസിന്റെ പിളർപ്പിൽ കെ.എം. മാണിക്കൊപ്പം നിന്ന തോമസ് കുതിരവട്ടം 1976 മുതൽ 87 വരെ പാർട്ടിയുടെ ഓഫിസ് ചാർജ് വഹിക്കുന്ന ജനറൽ സെക്രട്ടറിയും 1987 മുതൽ 90 വരെ വൈസ് ചെയർമാനുമായിരുന്നു. 1980ൽ കേരള കോൺഗ്രസ് (എം) സ്ഥാനാർഥിയായി ചെങ്ങന്നൂരിൽ നിന്ന് നിയമസഭയിലേക്കു മത്സരിച്ചു. 1985–1991 കാലഘട്ടത്തിൽ കേരള കോൺഗ്രസ് (എം) ന്റെ രാജ്യസഭാംഗമായിരുന്നു.

ഭാര്യ: നരിയാപുരം മാടമ്പിൽ പറമ്പിൽ ലിസി തോമസ്. മക്കൾ: ജൂണി തോമസ് (കേരള കോൺഗ്രസ് ഉന്നതാധികാര സമിതിയംഗം), റോണി തോമസ് (അഞ്ചൽ സെന്റ് ജോൺസ് കോളജ് അധ്യാപിക), ആനി തോമസ്, ടോണി കെ.തോമസ് (തിരുവൻവണ്ടൂർ പഞ്ചായത്ത് അംഗം). മരുമക്കൾ: അഡ്വ.ഷീന ജൂണി (കോയിക്കലേത്ത്, കോഴഞ്ചേരി), മഹേഷ് ഹരിലാൽ (ഫാഷൻ ഫൊട്ടോഗ്രഫർ, തിരുവനന്തപുരം), സഞ്ജയ് എം.കൗൾ ഐഎഎസ് (എംഡി ആൻഡ് സിഇഒ, ഗിഫ്റ്റ് സിറ്റി, അഹമ്മദബാദ്), ജിഷ ടോണി (കല്ലടാൽ, മാവേലിക്കര).

സംസ്കാരം ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ പ. കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

ജീവകാരുണ്യത്തിലേക്കു തിരിഞ്ഞ കുതിരവട്ടം

ജി. അനൂപ് ചെങ്ങന്നൂർ

അനൗൺസറായി തുടങ്ങി പിന്നീട് കേരള കോൺഗ്രസിന്റെ ശക്തനായ വക്താവായി മാറിയ രാഷ്ട്രീയ ജീവിതമായിരുന്നു തോമസ് കുതിരവട്ടത്തിന്റേത്. രാഷ്ട്രീയ ചരടുവലികളുടെ ഇരയായില്ലായിരുന്നെങ്കിൽ കുതിരവട്ടത്തിനെ രാഷ്ട്രീയത്തിൽ ഒരുപാട് സ്ഥാനങ്ങൾ തേടി വരുമായിരുന്നു. കപ്പിനും ചുണ്ടിനു മിടയിൽ നിന്നാണ് കേന്ദ്രമന്ത്രി സ്ഥാനം നഷ്ടപ്പെട്ടത്. 1985–91 വരെ കേരള കോൺഗ്രസ് (മാണി വിഭാഗം) അംഗമായാണ് രാജ്യസഭയിൽ പ്രവർത്തിച്ചത്. എ. കെ. ആന്റണി, എൻ. ഇ. ബലറാം എന്നിവർക്കൊപ്പമാണ് തോമസ് കുതിരവട്ടവും രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടത്.

രാജ്യസഭാംഗമായിരുന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുമായി അടുത്ത ബന്ധം പുലർത്തി. വി. പി. സിങ് കഴിഞ്ഞ് ചന്ദ്രശേഖർ മന്ത്രിസഭ കോൺഗ്രസ് പിന്തുണയോടെ അധികാരത്തിലേറിയപ്പോൾ കേന്ദ്രമന്ത്രി സ്ഥാനവും വാഗ്ദാനം ചെയ്തു. രാജീവ് ഗാന്ധി അദ്ദേഹത്തിന്റെ മുറിയിലേക്കു വിളിപ്പിച്ചാണ് ഇക്കാര്യം അറിയിച്ചത്. എന്നാൽ, ചിലരുടെ ഇടപെടൽ മൂലം മന്ത്രിസ്ഥാനം കൈവിട്ടു. സ്വന്തം പാർട്ടിയിലെ ചരടുവലികളാണ് സ്ഥാനം കിട്ടാതെ പോയതിനു പിന്നിലെന്നായിരുന്നു ആരോപണം.

1960–ൽ ചെങ്ങന്നൂരിൽ സ്ഥാനാർഥിയായിരുന്ന കെ. ആർ. സരസ്വതിയമ്മയുടെ അനൗൺസറായാണ് കുതിരവട്ടത്തിന്റെ രാഷ്ട്രീയ അരങ്ങേറ്റം. ആദ്യം കെ.എസ്.യു. വിലും അതിനുശേഷം കെ.എസ്.സി. യുടെ രൂപവ ത്കരണത്തിലും പ്രധാനിയായി. 1970–കളിൽ കേരള കോൺഗ്രസ് മാണി വിഭാഗത്തിന്റെ ശക്തനായ വക്താവായി മാറി. 1980–ൽ ചെങ്ങന്നൂരിൽ നിന്ന് നിയമസഭയിലേക്ക് മത്സരിച്ചു. കെ. എം. മാണിയുടെ വിശ്വസ്തനായിരുന്ന അദ്ദേഹം പാർട്ടിക്കായി കേരളം മുഴുവൻ ഓടി നടന്നു.

എന്നാൽ, കേന്ദ്രമന്ത്രി സ്ഥാനം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട വിവാദങ്ങളെത്തുടർന്ന് കേരള കോൺഗ്രസുമായി അകന്നു. തുടർന്ന് പാർട്ടിയിൽ നിന്ന് പുറത്തുപോയി ചന്ദ്രശേഖറിന്റെ സമാജ്വാദി ജനതാ പാർട്ടിയുടെ സംസ്ഥാന അധ്യക്ഷനായി. 1991–ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സമാജ്വാദി ജനതാപാർട്ടി ടിക്കറ്റിൽ മാവേലിക്കരയിൽ നിന്ന് പാർലമെന്റിലേക്കു മത്സരിച്ചു.

1996–ൽ പത്തനാപുരം മണ്ഡലത്തിൽ നിന്ന് കേരള കോൺഗ്രസ് (ബി) അംഗമായും മത്സരിച്ചു. പിന്നീടും രാഷ്ട്രീയത്തിൽ തുടർന്നെങ്കിലും 2010–ഓടെ രാഷ്ട്രീയത്തിൽ നിന്ന് പൂർണമായും പിന്മാറി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സക്രിയമായി.

കുതിരവട്ടത്തിന്റെ പാർലമെന്ററി ജീവിതത്തിലെ പ്രധാന സംഭവമായിരുന്നു ബോഫോഴ്സ് തോക്ക് ഇടപാടിനെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലമെന്ററി കമ്മിറ്റിയംഗമായത്. രാജീവ് ഗാന്ധി സർക്കാരിന്റെ കാലത്തു നടന്ന ഇടപാടിനെക്കുറിച്ച് അന്വേഷിക്കാൻ ബി. ശങ്കരാനന്ദ് അധ്യക്ഷനായ 30 അംഗ സമിതിയിൽ കേരളത്തിൽ നിന്ന് മൂന്നു പേരാണുണ്ടായിരുന്നത്. കെ. ജി. അടിയോടി, തോമസ് കുതിരവട്ടം, ബി. വി. അബ്ദുള്ളക്കോയ എന്നിവർ. അബ്ദുള്ളക്കോയയും തോമസ് കുതിരവട്ടവും രാജ്യസഭാംഗമെന്ന നിലയിലാണ് കമ്മിറ്റിയിൽ അംഗമായത്.

കമ്മിറ്റിയുടെ പ്രവർത്തന കാലയളവിനിടയിൽ കെ.ജി. അടിയോടിയുടെ മരണത്തെത്തുടർന്നുണ്ടായ ഒഴിവിൽ തലേക്കുന്നിൽ ബഷീർ അംഗമായി. ലോകസഭയിൽ നിന്ന് 20–ഉം രാജ്യസഭയിൽ നിന്ന് 10–ഉം അംഗങ്ങളായിരുന്നു കമ്മിറ്റിയിൽ ഉൾപ്പെട്ടത്. ബോഫേഴ്സ് തോക്ക് ഇടപാടിനെക്കുറിച്ച് തലനാരിഴ മുറിച്ചുള്ള അന്വേഷണമാണ് സംയുക്ത പാർലമെന്ററി സമിതി നടത്തിയത്. ബോഫോഴ്സ് തോക്ക് ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുകൂലമാണോ, ശേഷി തുടങ്ങിയ കാര്യങ്ങൾ നേരിട്ടു പരിശോധിച്ചിരുന്നു. ചെങ്ങന്നൂരിലെ കല്ലിശ്ശേരിയിലെ വീട്ടിൽ തോമസ് കുതിരവട്ടത്തിന്റെ ശേഖരത്തിൽ അന്നത്തെ അന്വേഷണ കമ്മിഷൻ റിപ്പോർട്ട് ഇപ്പോഴും ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

തോമസ് കുതിരവട്ടത്തിന് കേന്ദ്രമന്ത്രിസ്ഥാനം നഷ്ടപ്പെട്ടത് ചുണ്ടിനും കപ്പിനും ഇടയിൽ

ടി. ദേവപ്രസാദ്

കേരള കോൺഗ്രസിന്റെ വളർച്ചയിലും രൂപപരിണാമങ്ങളിലും വലിയ പങ്കു വഹിച്ച നേതാവാണ് തോമസ് കുതിരവട്ടം. കേരള കോൺഗ്രസിന്റെ തുടക്ക കാലം മുത00 1991 വരെ കെ.എം. മാണിയുടെ ഹൃദയത്തോട് ഏറ്റവും അടുത്തു നിന്ന സഹപ്രവർത്തകനാണ് അദ്ദേഹം.

പാർട്ടി നേരിട്ട എല്ലാ പ്രതിസന്ധികളിലും അദ്ദേഹം മാണിസാറിന് ശക്തമായ പിന്തുണ നൽകി കൂടെ നിന്നു. തലസ്ഥാനത്തെത്തിയാൽ ട്യൂട്ടേഴ്സ് ലെയിനിലെ ദീപിക ഓഫീസിൽ നിശ്ചയമായും എത്തുകയും രാഷ്ട്രീയവും അല്ലാത്തതുമായ എല്ലാ വിഷയങ്ങളെയുംകുറിച്ച് ഏറെ നേരം സംസാരിച്ചിരിക്കുകയും പതിവാക്കിയിരുന്ന കേരള കോൺഗ്രസ് നേതാക്കളിൽ ഒരാളാണ് അദ്ദേഹം.

ഒരിക്കൽ കുതിരവട്ടം വന്നത് കാൽമുട്ട് പരിശോധിപ്പിക്കുന്നതിന് ജൂബിലി ആശുപത്രിയിലെ ഡോ. ജോർജ് ആൻഡ്രൂസിനെ കാണാനാണ്. അന്ന് പതിവില്ലാതെ അദ്ദേഹം പറഞ്ഞു. ഓഫീസിൽ തിരക്കില്ലെങ്കിൽ വാ, നമുക്ക് ഡോക്ട്ടറെ കാണാൻ പോകാം. ഞാനും കൂടെ പോയി. ആശുപത്രിയിൽ ഊഴം കാത്തിരിക്കുമ്പോൾ ആരോ ഒരാൾ ഓടി വന്നു. കുലീനമായി വേഷം ധരിച്ച ഒരു മധ്യവയസ്ക്കൻ. അതി സമ്പന്നനാണെന്ന് തോന്നുന്ന വേഷഭൂഷാദികൾ. കുതിരവട്ടം സാറല്ലേ എന്ന് ആദരവോടെ കൈകൂപ്പിക്കൊണ്ട് ചോദിച്ച അദ്ദേഹം പറഞ്ഞു സാറു കാരണമാണ് ഞാനും എന്റെ കുടുംബവും രക്ഷപ്പെട്ടത്. അന്ന് സാറ് സർട്ടിഫിക്കറ്റ് ശരിയാക്കി തന്നതുകൊണ്ട് എനിക്ക് അക്കരയ്ക്ക് പോകാനൊത്തു. ഇന്ന് ഞാനും കുടുംബവും അനുഭവിക്കുന്നതെല്ലാം സാറിന്റെ സഹായം കൊണ്ടുണ്ടായതാണ്. അദ്ദേഹം ഏറെ ആദരവോടെ പറഞ്ഞു. ഞാൻ എന്തെങ്കിലും ചെയ്യണോ അയാൾ ചോദിച്ചു. ഇപ്പോൾ ഒന്നും വേണ്ട കുതിരവട്ടം സന്തോഷത്തോടെ പറഞ്ഞു.

ഡോക്ടറെ കണ്ടു മടങ്ങുന്പോൾ അദ്ദേഹം പറഞ്ഞു. യാത്രയ്ക്കിടയിൽ ഇങ്ങനെ പലയിടത്തും വച്ച് പലരും വരാറുണ്ട്. അവരുടെ ജീവിതങ്ങൾ പച്ചപിടിക്കാൻ സഹായിച്ച കഥകൾ പറഞ്ഞുകൊണ്ട്. രാഷ്ട്രീയ പ്രവർത്തനം തന്ന ഏറ്റവും വലിയ ദൈവനുഗ്രഹമാണ് ഇത്. എത്രപേരെ ഇങ്ങനെ സഹായിച്ചിരിക്കും എന്ന് ഞാൻ ചോദിച്ചപ്പോൾ ധാരാളം പേർ ഉണ്ടാവും എന്നായിരുന്നു മറുപടി.

പലപ്പോഴും രാഷ്ട്രീയ പ്രവർത്തനത്തിലൂടെ പാഴായിപ്പോയ നാളുകളെക്കുറിച്ച് അദ്ദേഹം സങ്കടത്തോടെയും പറഞ്ഞിരുന്നു. സ്നേഹിച്ച പലരും വഞ്ചിച്ച കഥകൾ. രാഷ്ട്രീയ പ്രവർത്തനത്തിനിടയിലും അദ്ദേഹം ചിട്ടിപോലുള്ള ബിസിനസുകൾ നടത്തി ജീവിക്കാൻ പണം ഉണ്ടാക്കിയിരുന്നു. പണത്തിന് ബുദ്ധിമുട്ടുള്ള പലർക്കും കുറി വീഴ്ത്തി സഹായിച്ചിരുന്നു.

അവസാനം രാഷ്ട്രീയത്തിന്റെ തിരക്കുകൾ എല്ലാം വിട്ട് അദ്ദേഹം സഭാ പ്രവർത്തനങ്ങളിൽ മുഴുകി. പാവങ്ങൾക്കു വീടു വച്ചുകൊടുക്കുന്ന ഒരു പദ്ധതിയുടെ നടത്തിപ്പുകാരനായി. പഠിക്കാൻ ബുദ്ധിമുട്ടുന്നവരെ സഹായിച്ചു. രോഗികളെ സഹായിച്ചു. രാഷ്ട്രീയ കാര്യങ്ങൾ ചോദിച്ചാൽ ഒന്നും ഓർക്കുന്നില്ല എന്നായി മറുപടി.

1990-ൽ ഭാരതരത്ന സ്വീകരിക്കാനെത്തിയ ദക്ഷിണാഫ്രിക്കൻ മുൻ പ്രസിഡന്റ് നെൽസൺ മണ്ടേല, മുൻ പ്രധാനമന്ത്രി വി. പി. സിങ്, ഡി. സി. കിഴക്കേമുറി എന്നിവരോടൊപ്പം തോമസ് കുതിരവട്ടം.

കോൺഗ്രസിലെ പി. ടി. ചാക്കോ ഗ്രൂപ്പുകാരനായിരുന്ന കുതിരവട്ടം കെഎസ്സിയിലൂടെയും യൂത്ത് ഫ്രണ്ടിലൂടെയും വളർന്ന് പാർട്ടിയുടെ ജനറൽ സെക്രട്ടറിയും വൈസ് ചെയർമാനുമായി. ദീർഘകാലം ഓഫീസിന്റെ ചുമതലയുള്ള സെക്രട്ടറിയായിരുന്നു. കെ.എസ്സിയൂടെയും യൂത്ത് ഫ്രണ്ടിന്റെയും സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. 1972-ലെ കോളജ് സമരകാലത്തെല്ലാം തീപ്പൊരി പോലെ കത്തി നിന്ന യുവനേതാവ്.

1976-ൽ പാർട്ടി പിടിക്കുന്നതിന് മാണി രൂപീകരിച്ച ഒന്പതംഗ സംഘത്തിൽ അംഗമായിരുന്നു കുതിരവട്ടം. പി. ജെ. ജോസഫ്, ടി. എം. ജേക്കബ്, ജോർജ് ജെ. മാത്യു കെ. വി. കുര്യൻ, വി. ടി. സെബാസ്റ്റ്യൻ, ഒ. ലൂക്കോസ്, പി. സി. ജോസഫ് എന്നിവരായിരുന്നു മറ്റംഗങ്ങൾ. ഈ സംഘത്തിലെ പലരും മാണിയെ വിട്ടുപോയപ്പോഴും കുതിരവട്ടം മാണിയോട് വിശ്വസ്തനായി നിന്നു.

1980-ൽ ചെങ്ങന്നൂരിൽ നിന്നു കേരള കോൺഗ്രസിന്റെ ഇടതു മുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ചു നിസാരവോട്ടിന് തോറ്റു. 1985-91 വരെ രാജ്യസഭാംഗമായിരുന്നു. ചന്ദ്രശേഖർ മന്ത്രിസഭാ പ്രവേശനം സംബന്ധിച്ച തർക്കത്തിൽ കെ.എം. മാണിയോട് ഉടക്കിയ കുതിരവട്ടം പാർട്ടി വിട്ടു. കേന്ദ്ര മന്ത്രിസഭയിൽ അംഗമാകുന്നിടം വരെ എത്തിയ അദ്ദേഹത്തിന്റെ രാഷ്ട്രീയ വളർച്ച തകർക്കപ്പെട്ടു. ആ സംഭവങ്ങളുടെ ഉള്ളുകള്ളികൾ ഉൾപ്പെടുത്തി 'പൊള്ളുന്ന രഹസ്യങ്ങളുടെ ചെപ്പേട്' എന്ന പുസ്തകം രചിച്ചു.

പിൽക്കാലത്ത് കേരള കോൺഗ്രസ് ബിയിൽ ചേർന്നെങ്കിലും അധികകാലം അവിടെ തുടർന്നില്ല. അവസാനം മാണി ഗ്രൂപ്പിൽ തന്നെ തിരിച്ചെത്തി. പക്ഷേ കുതിരവട്ടം പാർട്ടിയിൽ പഴയ കുതിരവട്ടം ആയില്ല. അദ്ദേഹം അതിന് ശ്രമിച്ചതും ഇല്ല പകരം സഭാ പ്രവർത്തനങ്ങളിൽ മുഴുകി. ദൈവത്തെയും പാവങ്ങളെയും സ്നേഹിച്ചു, ശുശ്രൂഷിച്ചു. ആരോടും പകയില്ലാതെ സമാധാനത്തിൽ ജീവിച്ചു.

കെ. എം. മാണിയും തോമസ് കുതിരവട്ടവും (ഒരു പഴയകാല ചിത്രം)

വിമോചനസമരത്തിലും പങ്കെടുത്തു

1945 ജൂൺ ഒന്നിന് കല്ലിശ്ശേരി കുതിരവട്ടത്ത് തോമസ് വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകനായാണ് ജനനം. കല്ലിശ്ശേരി എൽ.പി.എസ്., കല്ലിശ്ശേരി ഹൈസ്കൂൾ എന്നിവിടങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി എസ്.ബി. കോളജിൽനിന്ന് പ്രീഡിഗ്രിയും ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളജിൽ നിന്ന് ബിരുദവും കരസ്ഥമാക്കി. 12-ാം വയസ്സിൽ വിമോചനസമരത്തിൽ പങ്കെടുത്തു. കെ.എസ്.യു. വിലൂടെ വിദ്യാർഥി രാഷ്ട്രീയത്തിൽ സജീവമായി. പ്രഥമാധ്യാപകനെ പിരിച്ചുവിട്ടതിൽ പ്രതിഷേധിച്ച് സമരം ചെയ്ത് നേതൃനിരയിലെത്തി.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ഹിസ്കീയാവിന്റെ അമ്മ അബീയാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിൽ പല സ്ത്രീകളെയും കുറിച്ച് വളരെ ചെറിയ വാക്യങ്ങളിലൂടെയാണ് പരാമർശിച്ചിരിക്കുന്നത്. അവരുടെ ജീവിതം വിശദമായി എഴുതപ്പെട്ടിട്ടില്ലെങ്കിലും, ചില സ്ത്രീകളുടെ സ്വാധീനം അവരുടെ കാലഘട്ടത്തെ കടന്ന് തലമുറകളോളം നീണ്ടുനിൽക്കുന്നതാണ്. കാരണം വാക്കുകളുടെ എണ്ണത്തിനോ സ്ഥാനമാനങ്ങളോ അല്ല, മറിച്ച് വിശ്വസ്തമായ ജീവിതത്തിനാണ് ദൈവത്തിന്റെ കാഴ്ചപ്പാടിൽ പ്രാധാന്യം ലഭിക്കുന്നത്.

അത്തരത്തിലുള്ള ഒരു മഹത്തായ സ്ത്രീയാണ് യെഹൂദാ രാജാവായ ഹിസ്കീയാവിന്റെ അമ്മ അബീയാ. 2 ദിനവൃത്താന്തം 29:1 ൽ നാം വായിക്കുന്നു: "ഹിസ്കീയാവ് ഇരുപത്തിയഞ്ചാം വയസ്സിൽ വാഴ്ച തുടങ്ങി. ഇരുപത്തൊമ്പതു സംവത്സരം യരുശലേമിൽ വാണു. അവന്റെ അമ്മയ്ക്ക് അബീയാ എന്നു പേർ. അവൾ സെഖര്യാവിന്റെ മകളായിരുന്നു."ഈ ഒരു ചെറിയ വാക്യം തന്നെ അബീയായുടെ ജീവിതവും സ്വാധീനവും എത്ര ഗൗരവമുള്ളതാണെന്ന് സൂചിപ്പിക്കുന്നു. ഹിസ്കീയാവിന്റെ ആത്മീയ പുനരുദ്ധാരണങ്ങളുടെ പിന്നിൽ പ്രവർത്തിച്ച നിശ്ശബ്ദ ശക്തി അബിയയായിരുന്നു.

1. ദൈവഭക്തിയുള്ള അമ്മ

അബീയായുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രത്യേകത അവളുടെ ആഴമുള്ള ദൈവഭക്തിയായിരുന്നു. അവളുടെ ദൈവാരാധന പ്രത്യേക ദിവസങ്ങളിലോ ആചാരങ്ങളിലോ മാത്രം ഒതുങ്ങിയ ഒരു കാര്യമായിരുന്നില്ല. മറിച്ച്, ദൈവത്തോടുള്ള അവളുടെ ബന്ധം ദിനംപ്രതി അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അവളുടെ സംസാരത്തിൽ, തീരുമാനങ്ങളിൽ, സഹനത്തിൽ, പ്രതീക്ഷയിൽ എല്ലാം ദൈവത്തെ ആശ്രയിക്കുന്ന മനോഭാവം വ്യക്തമായി കാണാമായിരുന്നു. അതുകൊണ്ടുതന്നെ അവളുടെ വിശ്വാസം വാക്കുകളിലൊതുങ്ങിയതല്ല; ജീവിച്ചുകാണിച്ച വിശ്വാസമായിരുന്നു.

അമ്മയെന്ന നിലയിൽ അബീയാ തന്റെ മകനായ ഹിസ്കീയാവിനെ ചെറുപ്പം മുതലേ ദൈവത്തിന്റെ വഴികളിൽ വളർത്താൻ പ്രത്യേക ശ്രദ്ധ ചെലുത്തി. അവൾ തന്റെ മകന് ദൈവത്തെക്കുറിച്ച് പറഞ്ഞുമാത്രമല്ല, ദൈവത്തിൽ വിശ്വസിച്ച് ജീവിക്കുന്ന ഒരു അമ്മയെ ദിവസേന കാണാനുള്ള അവസരവും അവന് നൽകി. അവളുടെ സ്ഥിരമായ പ്രാർത്ഥനകളും സ്നേഹപൂർണ്ണമായ ഉപദേശങ്ങളും ഹിസ്കീയാവിന്റെ മനസ്സിൽ ദൈവത്തെക്കുറിച്ചുള്ള ആഴമുള്ള ബോധം രൂപപ്പെടുത്താൻ സഹായിച്ചു. കുട്ടിക്കാലത്ത് അമ്മയിൽ നിന്ന് ലഭിച്ച ഈ ആത്മീയ പരിശീലനം അവന്റെ ജീവിതത്തിന് ഒരു ഉറച്ച അടിസ്ഥാനം ആയി മാറി.

പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടത്, അബീയാ ജീവിച്ച സാഹചര്യങ്ങളാണ്. രാജകൊട്ടാരം ദൈവഭക്തിക്ക് അനുകൂലമായ അന്തരീക്ഷമായിരുന്നില്ല. വിഗ്രഹാരാധനയും ദുഷ്പ്രവൃത്തികളും സാധാരണമായിരുന്ന ആ കാലഘട്ടത്തിൽ പോലും അബീയാ തന്റെ വിശ്വാസത്തിൽ നിന്ന് വിട്ടുനിന്നില്ല. അത്തരമൊരു ദുഷ്പരിസരത്തിനിടയിലും അവൾ തന്റെ മകനെ യഹോവയെ ഭയപ്പെടാനും അവന്റെ കല്പനകളെ സ്നേഹിക്കാനും പഠിപ്പിച്ചു. ചുറ്റുപാടുകൾ എത്ര പ്രതികൂലമായാലും, ഒരു അമ്മ തന്റെ വിശ്വാസത്തിൽ ഉറച്ച് നിൽക്കുമ്പോൾ അതിന്റെ നല്ല ഫലം മക്കളുടെ ജീവിതത്തിൽ പ്രതിഫലിക്കുമെന്നതിന്റെ ശക്തമായ ഉദാഹരണമാണ് അബീയാ.

ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത്, മകന്റെ ആത്മീയ വളർച്ചയിൽ അമ്മയുടെ പങ്ക് എത്രത്തോളം നിർണായകമാണെന്നതാണ്. ദൈവത്തെ സ്നേഹിച്ച് ജീവിക്കുന്ന ഒരു അമ്മയുടെ നിശ്ശബ്ദമായ ജീവിത മാതൃക, മകന്റെ ഹൃദയത്തിൽ ആഴത്തിലുള്ള വിശ്വാസവിത്തുകൾ നട്ടുവളർത്തുന്നു. അബീയായുടെ ദൈവഭക്തി ഹിസ്കീയാവിന്റെ ജീവിതത്തെ മാത്രമല്ല, പിന്നീട് ഒരു രാജ്യത്തിന്റെ മുഴുവൻ ആത്മീയ ചരിത്രത്തെയും സ്വാധീനിച്ചുവെന്ന് നമുക്ക് ഉറപ്പോടെ പറയാം.

2. അമ്മയുടെ സ്വാധീനം രാജാവിന്റെ തീരുമാനങ്ങളിൽ

ഹിസ്കീയാവ് രാജാവായപ്പോൾ അവൻ എടുത്ത ആത്മീയ തീരുമാനങ്ങൾ പെട്ടെന്നുണ്ടായ ആശയങ്ങളോ ജനങ്ങളുടെ സമ്മർദ്ദമോ മൂലമുണ്ടായതല്ല. ദൈവാലയം ശുചീകരിക്കുക, വിഗ്രഹങ്ങൾ നശിപ്പിക്കുക, പെസഹാചരണം വീണ്ടും ആരംഭിക്കുക എന്നിവ എല്ലാം അവന്റെ ഹൃദയത്തിൽ മുൻപേ തന്നെ രൂപപ്പെട്ടിരുന്ന വിശ്വാസത്തിന്റെ പ്രകടനമായിരുന്നു. ഈ വിശ്വാസം അവനിൽ പെട്ടെന്ന് ഉദിച്ചതല്ല; ബാല്യകാലം മുതൽ അവന്റെ ജീവിതത്തിൽ പതിയെ വളർന്നു വന്ന ആത്മീയ മൂല്യങ്ങളാണ് ഇതിന് പിന്നിൽ.

ഈ മൂല്യങ്ങൾ അവനിൽ നട്ടുവളർത്തിയത് അവന്റെ അമ്മയായ അബീയായായിരുന്നു. കുട്ടിക്കാലത്ത് അമ്മയുടെ മടിയിൽ നിന്ന് ദൈവത്തേക്കുറിച്ച് അവൻ കേട്ടതും, അവൾ നടത്തിയ പ്രാർത്ഥനകളും, ദൈവത്തെ ആശ്രയിച്ച് ജീവിക്കുന്ന അവളുടെ ജീവിത മാതൃകയും ഹിസ്കീയാവിന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. രാജാവായപ്പോൾ അവന് മുമ്പിൽ അധികാരവും സമ്പത്തും ഇഷ്ടാനുസരണം ജീവിക്കാനുള്ള അവസരങ്ങളും ഉണ്ടായിരുന്നു. എങ്കിലും അവൻ അവയെക്കാൾ ദൈവത്തിന്റെ ഇഷ്ടം തിരഞ്ഞെടുക്കുകയായിരുന്നു. ഇത് അമ്മ നൽകിയ ആത്മീയ പരിശീലനം അവന്റെ ഉള്ളിൽ എത്ര ശക്തമായിരുന്നു എന്നതിന്റെ തെളിവാണ്.

രാജസിംഹാസനത്തിലെത്തിയപ്പോൾ ഹിസ്കീയാവിന് രണ്ട് വഴികളുണ്ടായിരുന്നു. ഒന്നാമത്, അച്ഛനായ ആഹാസിന്റെ ദുഷ്പാത പിന്തുടർന്ന് വിഗ്രഹാരാധനയും അനുസരണക്കേടും തുടരുക. രണ്ടാമത്, ബാല്യകാലത്ത് അമ്മ പഠി

പ്പിച്ച യഹോവയുടെ വഴിയിലേക്ക് മടങ്ങുക. അവൻ രണ്ടാമത്തെ വഴിയാണ് തിരഞ്ഞെടുത്തത്. ഈ തീരുമാനം ഒരു രാജാവിന്റെ മാത്രമല്ല, ഒരു മകന്റെ ഹൃദയത്തിൽ നിന്നുയർന്ന തീരുമാനമായിരുന്നു, അമ്മയുടെ വിശ്വാസത്തെ ആദരിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പ്.

ഇത് നമ്മെ ഒരു പ്രധാന സത്യം പഠിപ്പിക്കുന്നു. കുട്ടിക്കാലത്ത് ലഭിക്കുന്ന ആത്മീയ അടിത്തറ ഒരിക്കലും നഷ്ടപ്പെടുന്നില്ല. ജീവിതത്തിൽ വലിയ സ്ഥാനങ്ങളിലെത്തുമ്പോഴും, വലിയ തീരുമാനങ്ങൾ എടുക്കുമ്പോഴും, ബാല്യത്തിൽ ലഭിച്ച ദൈവബോധം മനുഷ്യനെ ശരിയായ വഴിയിലേക്ക് നയിക്കും. അബീയായുടെ നിശ്ശബ്ദ പ്രാർത്ഥനകളും വിശ്വാസപൂർണ്ണമായ ജീവിതവും ഹിസ്കീയാവിന്റെ തീരുമാനങ്ങളിൽ പ്രകടമായ ഫലങ്ങൾ സൃഷ്ടിച്ചു. ഇതിലൂടെ നമുക്ക് മനസ്സിലാകുന്നത്, ഒരു അമ്മയുടെ ആത്മീയ സ്വാധീനം രാജാവിന്റെ തീരുമാനങ്ങളെ പോലും രൂപപ്പെടുത്താൻ ശേഷിയുള്ളതാണെന്ന മഹത്തായ സത്യമാണ്.

3. ദുഷ്ടപരിസരങ്ങളിലും വിശ്വാസത്തിൽ ഉറച്ച സ്ത്രീ

അബീയാ ജീവിച്ച കാലം ആത്മീയമായി ഏറെ ഇരുണ്ടതായിരുന്നുവെന്ന് ബൈബിൾ പശ്ചാത്തലം വ്യക്തമാക്കുന്നു. അവളുടെ ഭർത്താവായ ആഹാസ് രാജാവ് യഹോവയുടെ ദൃഷ്ടിയിൽ അനിഷ്ടമായതു ചെയ്തു. അവൻ യഹോവയെ ഉപേക്ഷിച്ച് വിഗ്രഹാരാധനയ്ക്ക് വഴിമാറി, അന്യജാതികളുടെ ആചാരങ്ങൾ യെഹൂദയിലേക്ക് കൊണ്ടുവന്നു, ദൈവാലയത്തിന്റെ വാതിലുകൾ പോലും അടച്ചുപൂട്ടി. രാജകൊട്ടാരത്തിൽ ദൈവഭക്തിയെക്കാൾ ദൈവവിരോധമായ ചിന്തകളാണ് ആധിപത്യം ചെലുത്തിയിരുന്നത്. അത്തരമൊരു സാഹചര്യത്തിൽ ജീവിക്കുക എന്നത് ഒരു വിശ്വാസിയ്ക്ക് വലിയ പരീക്ഷണമായിരുന്നു.

എന്നിരുന്നാലും, ഈ ഇരുണ്ട പശ്ചാത്തലത്തിനിടയിലും അബീയാ തന്റെ വിശ്വാസം കൈവിടാതെ ഉറച്ചുനിന്നു. രാജ്ഞിയായിരുന്നുവെന്നതിനാൽ അവൾക്ക് ഭർത്താവിന്റെ തീരുമാനങ്ങളെ പിന്തുണയ്ക്കുക, രാജകീയ ആചാരങ്ങളിൽ പങ്കുചേരുക, വിഗ്രഹാരാധനയെ മൗനമായി അംഗീകരിക്കുക എന്നിങ്ങനെ പല തരത്തിലുള്ള സമ്മർദ്ദങ്ങൾ ഉണ്ടായിരിക്കാം. പക്ഷേ അവൾ ഈ സമ്മർദ്ദങ്ങൾക്കൊന്നും വഴങ്ങാതെ യഹോവയോടുള്ള തന്റെ വിശ്വസ്തത നിലനിർത്തി. അവൾ തന്റെ സ്ഥാനം ഉപയോഗിച്ച് ദൈവവിരോധത്തെ പ്രോത്സാഹിപ്പിച്ചില്ല; മറിച്ച് നിശ്ശബ്ദമായ വിശ്വാസജീവിതത്തിലൂടെ ദൈവത്തെ ആദരിച്ചു.

അബീയായുടെ വിശ്വാസം വലിയ പ്രസംഗങ്ങളിലൂടെയോ പൊതുവായ പ്രഖ്യാപനങ്ങളിലൂടെയോ പ്രകടമായില്ല. എന്നാൽ അവളുടെ സ്ഥിരതയുള്ള ജീവിതം തന്നെ ശക്തമായ സാക്ഷ്യമായി മാറി. രാജകൊട്ടാരത്തിലെ ദുഷ്ടചുറ്റുപാടുകൾക്കിടയിലും അവൾ പ്രാർത്ഥനയെ ഉപേക്ഷിച്ചില്ല, ദൈവത്തിലുള്ള പ്രത്യാശ കൈവെടിഞ്ഞില്ല. എളുപ്പമുള്ള സമയങ്ങളിലും സാഹചര്യങ്ങളിലും മാത്രം പിടിച്ചുനിൽക്കുന്നത് യഥാർത്ഥ വിശ്വാസമല്ല; എതിർപ്പുകളും ഒറ്റപ്പെടലും നേരിടുമ്പോഴും ദൈവത്തോട് ചേർന്നുനിൽക്കുന്നതാണ് യഥാർത്ഥ വിശ്വാസം. അബീയാ ഇതിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണമായിരുന്നു.

ഈ വിശ്വാസനിലപാട് അവളുടെ മകനായ ഹിസ്കീയാവിന്റെ ഹൃദയത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി. അച്ഛൻ വിഗ്രഹാരാധനയിൽ ജീവിച്ചിരുന്നുവെങ്കിലും, അമ്മ ദൈവഭക്തിയിൽ ഉറച്ചുനിന്നതുകൊണ്ട് ഹിസ്കീയാവിന് യഥാർത്ഥ ദൈവത്തെ തിരിച്ചറിയാൻ സാധിച്ചു. അമ്മയുടെ നിശ്ശബ്ദമായ വിശ്വാസം അവന്റെ ഹൃദയത്തിൽ ദൈവഭക്തിയുടെ ശക്തമായ വിത്തായി വീണു; പിന്നീട് ഹിസ്കീയാവ് രാജാവായപ്പോൾ അത് മഹത്തായ ആത്മീയ പരിഷ്കാരങ്ങളായി വളർന്നു.

ഇത് ഇന്നത്തെ വിശ്വാസികൾക്കും, പ്രത്യേകിച്ച് സ്ത്രീകൾക്കും അമ്മമാർക്കും വലിയ പ്രബോധനമാണ്. ചുറ്റുമുള്ള അന്തരീക്ഷം എത്ര ദുഷ്ടമായാലും, വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ഒരാളുടെ ജീവിതം അടുത്ത തലമുറയെ മാറ്റിമറിക്കാൻ കഴിയും. അബീയായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ദുഷ്ടപരിസരങ്ങൾ വിശ്വാസത്തെ നശിപ്പിക്കണമെന്നില്ല; ഉറച്ച വിശ്വാസമുള്ള ഒരാളിലൂടെ ദൈവം ഭാവിയെ രൂപപ്പെടുത്തും.

4. നിശ്ശബ്ദമായി ദൈവപദ്ധതിയിൽ പങ്കാളിയായ സ്ത്രീ

അബീയായെക്കുറിച്ച് ബൈബിളിൽ വളരെ കുറച്ച് വാക്യങ്ങളേ കാണാനാകുന്നുള്ളൂ. അവൾ നടത്തിയ പ്രസംഗങ്ങളെയോ, ജനങ്ങൾക്ക് മുന്നിൽ നടത്തിയ വലിയ പ്രവർത്തനങ്ങളെയോ കുറിച്ച് ബൈബിൾ രേഖപ്പെടുത്തുന്നില്ല. അവൾ യുദ്ധങ്ങൾ നയിച്ച രാജ്ഞിയല്ല, നിയമങ്ങൾ പ്രഖ്യാപിച്ച നേതാവുമല്ല. എന്നിരുന്നാലും, അവളുടെ ജീവിതത്തിന്റെ ഫലങ്ങൾ നോക്കുമ്പോൾ അവൾ ദൈവപദ്ധതിയിൽ വഹിച്ച പങ്ക് എത്ര വലുതായിരുന്നു എന്ന് നമുക്ക് വ്യക്തമായി മനസ്സിലാകുന്നു.

അബീയാ മുൻനിരയിൽ നിന്നല്ല, പിന്നണിയിൽ മറഞ്ഞുനിന്നാണ് ദൈവത്തിനായി പ്രവർത്തിച്ചത്. രാജകൊട്ടാരത്തിലെ ശബ്ദങ്ങളും രാഷ്ട്രീയ നീക്കങ്ങളും നിറഞ്ഞ അന്തരീക്ഷത്തിനിടയിൽ അവൾ തന്റെ ദൈവത്തോടുള്ള ബന്ധം സംരക്ഷിച്ചു. വീട്ടിനകത്ത്, മകന്റെ ബാല്യകാലത്തിൽ, അവൾ നടത്തിയ നിശ്ശബ്ദമായ പ്രാർത്ഥനകളും ദൈവത്തെ ആശ്രയിച്ച ജീവിതവും ആരും ശ്രദ്ധിക്കാത്തതുപോലെ തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ കണക്കിൽ അവ ഒന്നും ചെറുതായിരുന്നില്ല.

അവൾ ദൈവത്തിനായി ചെയ്തത് വലിയ കാര്യങ്ങൾ ആയിരുന്നില്ലെന്നു ലോകം പറഞ്ഞേക്കാം. എന്നാൽ ഒരു മകന്റെ ഹൃദയത്തിൽ ദൈവഭക്തിയുടെ വിത്ത് നട്ടുവളർത്തുക എന്നത് ദൈവത്തിന്റെ പദ്ധതിയിൽ അത്യന്തം പ്രധാനപ്പെട്ട ഒരു പ്രവർത്തനമായിരുന്നു. അവൾ വിശ്വാസത്തോടെ ജീവിച്ചതിന്റെ ഫലമാണ്, വർഷങ്ങൾക്കുശേഷം ഹിസ്കീയാവ് രാജാവായി ദൈവത്തിന്റെ വഴികളിലേക്ക് രാജ്യം തിരികെ കൊണ്ടുവന്നത്. മനുഷ്യരുടെ കണ്ണിൽ മറഞ്ഞിരുന്ന അബീയായുടെ വിശ്വാസം, ദൈവത്തിന്റെ സമയത്ത് വലിയ ഫലങ്ങൾ നൽകി.

ഇത് ഇന്നത്തെ വിശ്വാസികൾക്ക് വലിയ ആശ്വാസവും പ്രബോധനവും നൽകുന്നു. എല്ലാവരും വേദികളിലേക്കോ മുൻനിര ശുശ്രൂഷകളിലേക്കോ വിളിക്കപ്പെടണമെന്നില്ല. ചിലരെ ദൈവം നിശ്ശബ്ദമായ ഇടങ്ങളിൽ, വീടുകളിലും കുടുംബങ്ങളിലും, പ്രാർത്ഥനയിലൂടെയും വിശ്വസ്തമായ ജീവിതത്തിലൂടെയും ഉപയോഗിക്കുന്നു. ആ പ്രവർത്തനം ആളുകൾ കാണാതിരുന്നാലും, ദൈവം അതിനെ വില മതിക്കുന്നു.

അബീയായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, ദൈവപദ്ധതിയിൽ പങ്കാളിയാകാൻ പ്രശസ്തിയോ അംഗീകാരമോ ആവശ്യമില്ല. വിശ്വസ്തമായ ഒരു ഹൃദയം മതി. നിശ്ശബ്ദമായി ദൈവത്തോടൊപ്പം നടന്ന ഒരു സ്ത്രീയുടെ ജീവിതം, ഒരു രാജാവിന്റെ വഴിയെയും ഒരു രാജ്യത്തിന്റെ ആത്മീയ ചരിത്രത്തെയും മാറ്റിമറിച്ചുവെന്ന സത്യം അബീയായിലൂടെ നമുക്ക് വ്യക്തമായി കാണാം.

5. ഇന്നത്തെ കാലത്തേക്കുള്ള പാഠം

അബീയായുടെ ജീവിതം ഇന്നത്തെ അമ്മമാർക്കും കുടുംബങ്ങൾക്കും വളരെ വിലപ്പെട്ട ഒരു സന്ദേശമാണ് നൽകുന്നത്. അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്, കുട്ടികളുടെ ജീവിതത്തിൽ ഏറ്റവും ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നത് വലിയ വാക്കുകളോ കർശനമായ ഉപദേശങ്ങളോ അല്ല, മറിച്ച് അമ്മയുടെ ദിനംപ്രതി കാണുന്ന ജീവിത മാതൃകയാണെന്നതാണ്. ഒരു അമ്മ എങ്ങനെ പ്രാർത്ഥിക്കുന്നു, എങ്ങനെ പ്രതികരിക്കുന്നു, എങ്ങനെ പ്രതിസന്ധികളെ നേരിടുന്നുഇവയെല്ലാം കുട്ടികളുടെ മനസ്സിൽ നിശ്ശബ്ദമായി പതിഞ്ഞുകൊണ്ടിരിക്കുന്നു.

ഇന്നത്തെ ലോകവും പല അർത്ഥത്തിലും അബീയാ ജീവിച്ച കാലത്തോട് സാമ്യമുള്ളതാണ്. ചുറ്റുപാടുകളിൽ ദൈവഭക്തിയില്ലായ്മ, തെറ്റായ മൂല്യങ്ങൾ, ആത്മീയ അനാസക്തി എന്നിവ വ്യാപകമാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു കുട്ടിയെ ദൈവഭക്തിയോടെ വളർത്തുക എളുപ്പമല്ല. എന്നിരുന്നാലും, അബീയായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: ചുറ്റുപാടുകൾ എത്ര ദുഷ്ടമായാലും, വീട്ടിനകത്ത് ദൈവഭക്തിയുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാനാകുമെങ്കിൽ, അതിന്റെ ഫലം തലമുറകളോളം നിലനിൽക്കും.

ഒരു അമ്മയുടെ വിശ്വാസം പലപ്പോഴും ഉടൻ ഫലം കാണിക്കണമെന്നില്ല. ചിലപ്പോൾ കുട്ടികൾ തെറ്റായ വഴികളിലൂടെ പോകുന്നതുപോലും തോന്നാം. എന്നാൽ അമ്മ നിശ്ശബ്ദമായി പ്രാർത്ഥിച്ചും ദൈവത്തിൽ ആശ്രയിച്ചും ജീവിച്ചാൽ, ആ വിശ്വാസം ഒരിക്കലും വ്യർത്ഥമാകില്ല. അബീയാ തന്റെ ജീവിതകാലത്ത് ഹിസ്കീയാവിന്റെ മഹത്തായ പ്രവർത്തനങ്ങൾ കാണാതിരുന്നിട്ടുണ്ടാകാം. എങ്കിലും അവൾ വിതച്ച വിശ്വാസവിത്തുകൾ ദൈവത്തിന്റെ സമയത്ത് സമൃദ്ധമായ ഫലം കണ്ടു.

ഇത് ഇന്നത്തെ കുടുംബങ്ങൾക്ക് വലിയ പ്രത്യാശയാണ്. എല്ലാ അമ്മമാരും

വേദികളിൽ ശുശ്രൂഷ ചെയ്യുന്നവരാകണമെന്നില്ല, വലിയ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നവരാകണമെന്നില്ല. എന്നാൽ വീട്ടിനകത്ത് ദൈവത്തോടൊപ്പം നടക്കുന്ന ഒരു അമ്മ, ഒരു തലമുറയുടെ ഭാവി തന്നെ രൂപപ്പെടുത്തുന്ന ശക്തിയായി മാറുന്നു. അബിയയുടെ ജീവിതം നമ്മെ ഉറപ്പോടെ പഠിപ്പിക്കുന്നത് ഇതാണ്: വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ഒരു അമ്മയുടെ നിശ്ശബ്ദമായ ജീവിതം, ദൈവത്തിന്റെ കയ്യിൽ ഒരു രാജ്യത്തിന്റെ ചരിത്രം പോലും മാറ്റാൻ കഴിയും.

2 ദിനവൃത്താന്തം 29:1 ൽ പരാമർശിക്കപ്പെടുന്ന അബീയായെ ഒരു സാധാരണ രാജമാതാവായി മാത്രം നമുക്ക് കാണാൻ കഴിയില്ല. ബൈബിളിൽ അവളുടെ പേരിനൊപ്പം വലിയ സംഭവങ്ങളോ നീണ്ട വിവരണങ്ങളോ ഇല്ലെങ്കിലും, അവളുടെ ജീവിതത്തിന്റെ ഫലം അത്യന്തം ഗൗരവമുള്ളതാണ്. അവൾ ദൈവഭക്തിയുള്ള ഒരു അമ്മയായി, തന്റെ മകൻ ഹിസ്കീയാവിനെ ബാല്യകാലം മുതൽ ദൈവസ്നേഹത്തോടും ധാർമിക മൂല്യങ്ങളോടും വളർത്തി. ആ വളർച്ചയാണ് അവന്റെ ജീവിതത്തിൽ ഉറച്ച ആത്മീയ അടിത്തറയായി മാറിയത്.

അബീയായുടെ വിശ്വാസം ശബ്ദമുള്ളതായിരുന്നില്ല; എന്നാൽ അത് ശക്തമായിരുന്നു. അവൾ പ്രസംഗങ്ങളിലൂടെ അല്ല, പ്രാർത്ഥനയിലൂടെയും വിശ്വസ്തമായ ജീവിതത്തിലൂടെയും ദൈവത്തെ സാക്ഷ്യം വഹിച്ചു. ദുഷ്ടപരിസരങ്ങളിലും രാജകൊട്ടാരത്തിലെ സമ്മർദ്ദങ്ങൾക്കിടയിലും അവൾ ദൈവത്തെ കൈവിടാതെ ഉറച്ചുനിന്നു. അവളുടെ ഈ നിശ്ശബ്ദ വിശ്വാസമാണ്, വർഷങ്ങൾക്കുശേഷം ഹിസ്കീയാവിന്റെ ഭരണകാലത്ത് യഹൂദാ രാജ്യത്ത് ഉണ്ടായ മഹത്തായ ആത്മീയ പുനരുദ്ധാരണത്തിന് വഴിയൊരുക്കിയത്.

അബീയായുടെ ജീവിതം നമ്മെ ഒരു പ്രധാന സത്യത്തിലേക്ക് നയിക്കുന്നു. ദൈവത്തിനായി നിശ്ശബ്ദമായി ജീവിക്കുന്നവരുടെ സ്വാധീനം ഒരിക്കലും ചെറുതല്ല. ലോകം കാണാത്തിടങ്ങളിൽ നടക്കുന്ന വിശ്വസ്തതയും പ്രാർത്ഥനയും ദൈവത്തിന്റെ കണക്കിൽ വലിയ മൂല്യമുള്ളതാണ്. ഒരു അമ്മ വീട്ടിനകത്ത് വിതയ്ക്കുന്ന ആത്മീയ വിത്തുകൾ, ദൈവത്തിന്റെ സമയത്ത് തലമുറകളെ മാറ്റിമറിക്കുന്ന വലിയ ഫലങ്ങളായി മാറും.

അവളുടെ വിശ്വാസം, സ്ഥിരത, നിശ്ശബ്ദ സ്വാധീനംഇവ എല്ലാം ഇന്നും ഓരോ അമ്മയ്ക്കും, ഓരോ കുടുംബത്തിനും ശക്തമായ പ്രചോദനമാണ്. ഇന്നത്തെ കാലത്തും, ചുറ്റുപാടുകൾ എത്ര പ്രതികൂലമായാലും, ദൈവത്തിൽ ഉറച്ചു നിൽക്കുന്ന ഒരു അമ്മയ്ക്ക് തന്റെ മക്കളുടെ ഭാവി മാത്രമല്ല, ഒരു സമൂഹത്തിന്റെ ആത്മീയ ദിശ പോലും രൂപപ്പെടുത്താൻ കഴിയും എന്ന സത്യമാണ് അബീയായുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്.

നിലയ്ക്കൽ ഭദ്രാസനത്തിന്റെ 15-ാമത് വാർഷിക സമ്മേളനത്തിന്റെയും 58-ാമത് കൺവൻഷൻ സമാപന സമ്മേളനത്തിന്റെയും ഉദ്ഘാടനം പ. കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

നിലയ്ക്കൽ മെത്രാസനത്തിലെ വൈദികർ പരിശുദ്ധ കാതോലിക്കാ ബാവായോടും, ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായോടുമൊപ്പം.

മലങ്കര ഓർത്തഡോക്സ് സഭയിലെ റിട്ടയർഡ് പ്രീസ്റ്റ് ഫെലോഷിപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ജനുവരി 13-നു പരുമലയിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ കൂടി. യോഗത്തിൽ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും ഉള്ള പ്രതിനിധികൾ സംബന്ധിച്ചു. വാർഷിക കുടുംബ സംഗമം പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിൽ 2026 ഫെബ്രുവരി 11 ബുധനാഴ്ച നടത്തുവാൻ നിശ്ചയിച്ചു.

ഡെറിൻ രാജു രചിച്ച *മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ* എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് നിർവഹിച്ചു.

യുവജനപ്രസ്ഥാനം കേന്ദ്ര കലാമേളയിൽ ഓവറോൾ കിരീടം നേടിയ ചെങ്ങന്നൂർ ഭദ്രാസനം പ്രസിഡണ്ട് ഡോ. ഗീവർഗീസ് മാർ യൂലിയോസിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കലാമേള അഡ്വ. ഫ്രാൻസിസ് ജോർജ് എം.പി. ഉദ്ഘാടനം ചെയ്തു. കേന്ദ്ര വൈസ് പ്രസിഡണ്ട് ഫാ. ജെയിൻ സി. മാത്യു അധ്യക്ഷത വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

ദനഹായ്ക്കു ശേഷം രണ്ടാം ഞായർ

(യോഹന്നാൻ 1:43-51)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

യേശുക്രിസ്തു ശിഷ്യന്മാരെ വിളിച്ച് വേർതിരിച്ച് തന്നോടൊപ്പം ആക്കുന്ന ഒരു ശിഷ്യത്വ സംവിധാനം സമവീക്ഷണ സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. എന്നാൽ ശിഷ്യന്മാരുടെ ഭാഗത്തുനിന്ന് ഉള്ള ഒരു അന്വേഷണത്തിന്റെ അവസാനം ശിഷ്യത്വത്തിലേക്ക് ഉയർത്തപ്പെടുന്ന ഒരു ക്രമീകരണമാണ് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ മുഴച്ചു നിൽക്കുന്നത്. ഫീലിപ്പോസ് കൂട്ടിക്കൊണ്ടുവരുന്ന നഥനയേൽ തന്റെ അന്വേഷണങ്ങൾക്കും തിരച്ചിലിനും ഒടുവിൽ ക്രിസ്തുവിനൊപ്പം ആകുന്ന മനോഹരമായ ഒരു വേദഭാഗമാണ് ഇന്നത്തെ പ്രതിപാദ്യ വിഷയം.

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ നഥനയേൽ എന്ന് വിളിക്കുന്ന ശിഷ്യൻ സമവീക്ഷണ സുവിശേഷങ്ങളിൽ ബർത്തലോമിയോ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഫിലിപ്പോസും നഥനയേലും കർത്താവായ യേശുക്രിസ്തുവും നടത്തുന്ന ചില സംഭാഷണങ്ങളാണ് ഈ ശിഷ്യത്വ സ്വീകരണത്തിലേക്ക് നഥനയേലിനെ നയിക്കുന്നത്. ഈ സംഭാഷണങ്ങൾ അതിൽ തന്നെ ഗഹനവും മാതൃകാപരവുമാണ്. സംഭാഷണങ്ങളുടെ ദിശ തെറ്റിപ്പോകുന്ന ആധുനിക കാലത്ത് മാതൃകാപരമായ ഈ സംഭാഷണങ്ങൾ മുൻപോട്ട് വയ്ക്കുന്ന ചിന്തകൾ ആകട്ടെ ഈ വാരത്തിലെ നമ്മുടെ പ്രതിപാദ്യം.

സൃഷ്ടിപരമായ സംഭാഷണം (Constructive Conversation)

തങ്ങളുടെ വ്യത്യസ്തങ്ങളായ ആശയങ്ങളിൽ വ്യക്തികൾ ഉറച്ചുനിന്നു ആശയവിനിമയം നടത്തുമ്പോൾ രൂപപ്പെടുന്ന അസഹിഷ്ണുതയാണ് ആധുനിക കാലത്തെ പല തർക്കങ്ങൾക്കും പ്രതിസന്ധികൾക്കും കാരണം. എന്നാൽ ഇത്തരം വ്യത്യസ്തങ്ങളായ ആശയങ്ങൾ കൂട്ടുമുട്ടുകയും അതിൽ നിന്ന് ഗുണപരമായ ആശയങ്ങൾ രൂപപ്പെടുകയും ചെയ്യുമ്പോഴാണ് സംവേദനങ്ങൾ സൃഷ്ടിപരം ആകുന്നത്.

ഫിലിപ്പോസും നഥനയേലും കണ്ടുമുട്ടുമ്പോഴും നഥനയേലും യേശുക്രിസ്തുവും കണ്ടുമുട്ടുമ്പോഴും ഇത്തരത്തിൽ സൃഷ്ടിപരമായ ഒരു സംഭാഷണമാണ് നടക്കുന്നത്. താൻ മിശിഹായെ കണ്ടു എന്ന ഫീലിപ്പോസിന്റെ പരാമർശത്തോട് "നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ" എന്ന് മറുചോദ്യമാണ് നഥനയേൽ ഉയർത്തുന്നത്. ഇതേ മനസ്സോടെ യേശുക്രിസ്തുവിനെ സമീപിക്കുന്ന നഥനയേൽ "നീ ദൈവപുത്രൻ ആണെന്ന്" ഏറ്റു പറയത്തക്ക രീതിയിൽ പരുവപ്പെടുകയാണ്. നീ ഇപ്പോൾ മനസ്സിലാക്കിയതിനെക്കാളും അപ്പുറമുള്ള മഹത്തായ കാര്യങ്ങളിലേക്ക് ഉയർത്തപ്പെടുവാൻ പോകുന്നു എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ ഈ സൃഷ്ടിപരതയെ വർധിപ്പിക്കുകയാണ്.

വ്യത്യസ്ത അഭിപ്രായങ്ങളെ അനുഭവത്തിലൂടെ പരുവപ്പെടുത്തി എടുക്കുമ്പോഴാണ് ഈ വ്യത്യസ്തതകൾ സൃഷ്ടിപരം ആകുന്നത്. വർത്തമാന ജീവിത കാലത്ത് അസഹിഷ്ണുത വർദ്ധിച്ചു വരുമ്പോൾ ഭവനത്തിനുള്ളിൽ പോലും ഈ വ്യത്യസ്തതകളെ സൃഷ്ടിപരം ആക്കുവാൻ നമുക്ക് കഴിയുന്നില്ല. കുടുംബത്തിന്റെയും സമൂഹത്തിന്റെയും കെട്ടുറപ്പിനെ വിനാശപരമായി ബാധിക്കുന്ന ഈ വ്യത്യസ്തതകളുടെ ഏറ്റുമുട്ടലിന്റെ മധ്യത്തിൽ സൃഷ്ടിപരമായ സംഭാഷണങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

സുതാര്യമായ സംഭാഷണം (Transparent Conversation)

സുതാര്യമായ സംഭാഷണങ്ങൾ എപ്പോഴും പരസ്പര ബഹുമാനം വർദ്ധിപ്പിക്കുന്നതും സാഹചര്യങ്ങളെ മൃദുവാക്കി നിർത്തുന്നതും ആണ്. സംഭാഷണങ്ങളിലെ സുതാര്യത ഒരുവന്റെ ചിന്താഗതിയുടെയും വീക്ഷണങ്ങളുടെയും സുതാര്യതയാണ് വ്യക്തമാക്കുന്നത്. മറച്ചു വച്ചിരിക്കുന്ന ലക്ഷ്യങ്ങളോ നിഗൂഢതകളോ ഇല്ലാതെ ഉള്ളിലുള്ളത് പങ്കു വയ്ക്കുമ്പോൾ ഹൃദയം തുറന്നുള്ള ഒരു പരസ്പര സംഭാഷണത്തിനാണ് അത് കാരണമാകുന്നത്.

നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ എന്ന് നഥനയേൽ ചോദിക്കുമ്പോൾ മശിഹാ ആഗതനാകണം എന്ന തന്റെ അതിയായ ആഗ്രഹമാണ് ആ വാക്കുകളിൽ വ്യക്തമാക്കുന്നത്. തന്റെ ആശയത്തെ ഖണ്ഡിച്ച നഥനയേലിനോട് ഫിലിപ്പോസ് തിരികെ തർക്കിക്കുകയല്ല മറിച്ച് യേശുവിനെ വന്നു കാണുവാനായി ഹൃദയംഗമമായി ക്ഷണിക്കുകയാണ് ചെയ്യുന്നത്. ഇതേ സുതാര്യത നഥനയേലിനെ കാണുമ്പോൾ യേശുവിൻറെ വാക്കുകളിലും ദർശിക്കുന്നുണ്ട് കപടമില്ലാത്ത ഇസ്രായേലിൽ നിന്ന് നഥാനിയലിനെ അഭിസംബോധന ചെയ്യുന്നത് ഈ സുതാര്യതയുടെ പ്രകടനമാണ് ഈ വ്യക്തികൾ തമ്മിലുള്ള ഹൃദയ ഐക്യത്തിന് ഈ സംഭാഷണം കാരണമാകുന്നുണ്ട്.

സാക്ഷ്യമുള്ള സംഭാഷണം (Witnessing Conversation)

രണ്ട് സുഹൃത്തുക്കൾ തമ്മിലും അപരിചിതരായ രണ്ടു വ്യക്തികൾ തമ്മിലുമുള്ള സംഭാഷണങ്ങളായി ഇന്നത്തെ വേദഭാഗത്തിലെ സംവേദനങ്ങളെ നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ സംഭാഷണങ്ങളിൽ ഉടനീളം നിഴലിച്ചു നിൽക്കുന്നത് ദൈവിക രഹസ്യങ്ങളും വെളിപാടുകളും ആണ്. മനുഷ്യാവതാരം ചെയ്ത മശിഹായെ ഫിലിപ്പോസ് സാക്ഷ്യപ്പെടുത്തുകയാണ്. ഏറെക്കാലമായി അന്വേഷിച്ചുകൊണ്ടിരുന്ന സത്യത്തെ മനസ്സിലാക്കുവാൻ പരിശ്രമിച്ച് അത് വെളിപ്പെട്ട് കിട്ടുന്ന വ്യക്തിത്വമാണ് നഥനയേലിന്റേത്. ഇരുവരും നടത്തുന്നത് സാക്ഷ്യമുള്ള സംഭാഷണങ്ങൾ ആണ്. ഈ സംഭാഷങ്ങളുടെ ആത്യന്തിക ലക്ഷ്യം ആത്മീക വർദ്ധന വരുത്തുക എന്നതാണ്. ഉപ്പിനാൽ രുചി വരുത്തിയ വാക്കുകൾ പോലെ (കൊലൊ. 4:6) സാക്ഷ്യം ഉള്ള സംഭാഷണങ്ങൾ മറ്റുള്ളവരെ തന്നിലേക്കും ദൈവത്തിങ്കലേക്കും ആകർഷിക്കുവാൻ ഉതകുന്നതാണ്.

തങ്ങൾക്ക് ബോധ്യപ്പെട്ടു കിട്ടിയ കാര്യങ്ങൾ ഒരു സാക്ഷ്യമായും ദൈവകൃപയിൽ നിറയുവാനുള്ള ആഹ്വാനമായും അപരന് പങ്കിട്ട് കൊടുക്കുന്നവർ ഈ സാക്ഷ്യമുള്ള സംഭാഷണത്തിന്റെ വക്താക്കളാണ്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

From Vision to Experience
Second Sunday After Epiphany

(St. John 1:43–51)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The Gospel portions of the "Denha Period" (Season of Epiphany), also known as the "Period of Light," generally describe events where many are called and separated from darkness into light. Those who were thus chosen shared the truth they realized with others.

The events in which the Lord chose His first disciples were not a final selection; they were merely a primary introduction. In this manner, many were initially added to the community of disciples. This community included women as well. It was only later that the Twelve Apostles were specifically chosen from among them. Once the twelve were specifically selected, they were granted all authority.

In St. Matthew 4:18–22, we see Cephas (Peter) and others being called and following Him. It was at that point that they became true disciples.

In the Gospel passage of St. John 1:43–51, we can meditate on a conversation between three people. The first conversation takes place between Philip and Nathanael.

Philip was from Bethsaida, the same town as the brothers Andrew and Peter, whom the Lord Jesus first called with the words, "Follow me." Therefore, Philip likely learned more about the Lord Jesus from either Peter or Andrew. It was to this Philip that the seekers who came for the festival approached and requested, "Sir, we wish to see Jesus" (St. John 12:21). It is also the same Philip who raised the demand, "Lord, show us the Father" (St. John 14:8).

From these two incidents, we can grasp a general idea of Philip's character. It must have been due to this specific character trait that he took on the responsibility of bringing Nathanael, who was meditating under the fig tree, to Jesus. It is possible that these two were like-minded individuals.

Can Any Good Come from Nazareth?

In the first conversation between Philip and Nathanael, Philip introduces the Teacher he has found to his companion: : "We have found the one about whom Moses wrote in the Law, and about whom the prophets also wrote. He is Jesus of Nazareth, the son of Joseph."

Both of them were very well-versed in the Law and the Prophecies. From this, we can understand that they were likely educated men. Throughout the Law and the prophetic books, we see foretelling regarding the coming of Jesus. Philip realized that all those prophecies were fulfilled in Jesus. Consequently, he became the friend who introduced Christ to Nathanael by testifying that he had found the one of whom Moses and the prophets wrote.

Here, we see a wonderful role model in Philip. He introduces the truth (knowledge) he realized to his fellow companion. We live in a post-modern era that gives excessive importance to the self. The mindset of "Everything is for me" or "It is all about myself" often rules everyone.

In contrast, Philip realized that the knowledge he received was not for himself alone, but was meant to be shared. Thus, he shared the truth he realized with Nathanael. However, Nathanael's initial reaction was not very favorable. He asked Philip: "Can anything good come from Nazareth?"

Philip's response was simple: "I have nothing more to explain to you. Come and see." At that, Nathanael followed Philip with great enthusiasm to see for himself this "good thing" that had come out of Nazareth.

Nathanael's initial question, "Can anything good come from Nazareth?" sprang from his prejudices. It is the tendency to approach something with a preconceived notion without attempting to understand it correctly. Perhaps the thought that he "already knew everything" led Nathanael to this prejudice.

Often, we face failure because we interact with situations through the lens of prejudice. We must strive to understand matters by setting aside these biases. In personal life, social life, and family life, prejudice causes many problems: A wife approaching her husband with prejudice. A husband approaching his wife with prejudice. Parents viewing their children through prejudice. Teachers approaching students with prejudice. Prejudices are formed when we fail to conduct a proper study or gain a true understanding of the subject.

A True Israelite, In Whom There Is No Guile

The second conversation between Jesus and Nathanael is defined by Jesus' statement, "Behold, a true Israelite, in whom there is no deceit," and

Nathanael's confession, "You are the Son of God; You are the King of Israel."

Even though Nathanael approached Jesus with prejudice, the Lord did not condemn or dismiss him. Instead, Jesus saw the goodness within him and commended him. It is a great virtue to be able to see the good in others and to appreciate it. Through this, Jesus was able to win someone over. When we criticize others, they distance themselves from us. However, when we praise the talents and goodness in others and encourage them, our relationships are strengthened.

Jesus described Nathanael as a man without hypocrisy. Today's world is a world of hypocrisy. Two of the greatest evils in modern times are hypocritical devotion and hypocritical love. We must be able to love and worship God without deceit.

"Blessed is the man unto whom the Lord imputeth not iniquity, and in whose spirit there is no guile." (Psalm 32:2)

Only those who come into the experience of "The Light" without hypocrisy in their souls receive the grace to truly understand the Son of God.

Jesus said to Nathanael, "I saw you while you were still under the fig tree." It is possible that Nathanael had been sitting under the fig tree praying for the coming of the Messiah or studying the prophecies regarding Him. Some commentators even suggest a tradition that during the "Massacre of the Innocents" (the killing of infants), Nathanael's mother hid him under a fig tree to save him, and she shared this secret with him later in life.

Whatever the case, Nathanael realized that he was standing before the Lord who knows the very thoughts of the heart.

Angels Ascending and Descending

God has prepared a great blessing: those who share what God has given them and live without the mask of hypocrisy will become partakers of a heavenly experience.

"You will see greater things than these... Most assuredly, I say to you, hereafter you shall see heaven open, and the angels of God ascending and descending upon the Son of Man." (St. John 1:50–51).

In the Old Testament (Genesis 28:12), it is described that Jacob saw a ladder reaching to heaven, with the angels of God ascending and descending on it. This was a foretelling of how heaven, which was closed due to sin, would be reopened through the Incarnation of our Lord, establishing a new communion between heaven and earth.

The "ladder" that Jacob saw, where angels ascend and descend, is the Holy Cross (Sleeba). The Holy Cross is the banner of victory. The Holy Cross puts Satan to flight. It is through this Cross that God saves humanity.

St. Paul the Apostle says in his letter to the Galatians: But God forbid that I should boast except in the cross of our Lord Jesus Christ. It is this Cross that reconnected humanity with God. The Cross is the ultimate symbol of love and humility. Thus, the promise Jesus Christ gives us is the entry into heaven through the Cross. St. Stephen the Martyr saw a similar vision: "Look! I see the heavens opened and the Son of Man standing at the right hand of God!" (Acts 7:56).

While the earlier disciples were given the promise that they would become "fishers of men," the promise given to Nathanael was that he would see heaven opened. This promise is available not just to Nathanael, but to everyone who follows Christ without hypocrisy.

We are all fortunate to see this vision daily. In the Holy Qurbana (the Eucharist), as we celebrate the Body and Blood of our Lord, this vision becomes possible for us. However, merely seeing the vision is not enough; it only becomes beneficial when it leads us into a deep spiritual experience.

Just as Peter and Andrew introduced the Christ they saw and experienced to Philip, and Philip introduced the Lord he realized to Nathanael, leading him to a heavenly experience, we too can lead our fellow workers and our community to that same heavenly experience and joy.

വടകര സെന്റ് ജോൺസ് ഹൈസ്കൂളിന്റെ 108-ാമത് വാർഷികവും, സെന്റ് ജോൺസ് ഹയർസെക്കൻഡറി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച ബ്ലോക്കിന്റെ ഉത്ഘടനവും, പുതുതായി നിർമ്മിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനവും ഡോ. തോമസ് മാർ അത്താനാസിയോസ് നിർവഹിച്ചു. സ്കൂൾ മാനേജർ ബോബി ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. അനൂപ് ജേക്കബ് മുഖ്യപ്രഭാഷണം നടത്തി.

യുവജനപ്രസ്ഥാനം കേന്ദ്ര കലാമേളയിൽ വയലിൻ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ലീന എലിസബത്ത് (സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്, പരുമല സെമിനാരി)

മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് കൊമേഴ്സിൽ ആൻസി സാംമിന് പിഎച്ച്.ഡി. ലഭിച്ചു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ പന്തളം -കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവക അംഗമാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ അസി. പ്രഫസറാണ്. പന്തളം, പൂഴിക്കാട് സാം വില്ലായിൽ സാമു ഉമ്മയും സൂസൻ സാമിന്റെയും മകളാണ. ഭർത്താവ് ജിജിൽ ഷാജി. മക്കൾ: അയോണ, ജുവാന.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഫെമിനിച്ചി ഫാത്തിമ

ഫാ. അജീഷ് ബാബു

“ജീവിതത്തിലെ ഏറ്റവും മോശം ദിവസം
അത് നമ്മൾ ചിരിക്കാത്ത ദിവസമാണ്...”

– ചാർളി ചാപ്ലിൻ

ഭൂമിയിലെ ഓരോ സ്ത്രീയും തനിച്ചാണെന്ന് തിരിച്ചറിയുന്ന ചില നിമിഷങ്ങളുണ്ട്. ലോകം മുഴുവൻ കൂടെയുണ്ടെന്ന് തോന്നുമ്പോഴും ഉള്ളിലെ നീറ്റൽ പങ്കുവെക്കാൻ ആരുമില്ലാതെ പോകുന്ന നിസ്സഹായത. ജീവശ്വാസമാണെന്ന് കരുതിയവർ പോലും, നാം അവർക്ക് ആരുമല്ലെന്ന് നിസ്സാരമായി പറഞ്ഞു വെക്കുമ്പോൾ ഉള്ളിൽ ആദ്യം തകരുന്നത് വലിയൊരു വിശ്വാസമാണ്. പിന്നെപ്പിന്നെ പരാതികളില്ലാതാകുന്നു, ചോദ്യങ്ങളില്ലാതാകുന്നു. മനസ്സ് മരവിച്ച്, വികാരങ്ങളില്ലാത്ത ഒരു യന്ത്രത്തെപ്പോലെ ഓരോ ദിനവും തള്ളിനീക്കുന്നു. നാളെയെക്കുറിച്ചുള്ള പേടി ഉള്ളിൽ ഒരു കനലായി എരിയുമ്പോഴും, പുറമെ ഒന്നുമറിയാത്തവളെപ്പോലെ ചിരിക്കേണ്ടി വരുന്ന അവസ്ഥ. ഒടുവിൽ എല്ലാം നഷ്ടപ്പെട്ട്, നിസ്സഹായതയുടെ മുനമ്പിൽ പകച്ചു നിൽക്കുമ്പോൾ ജീവിതം ഒരു വലിയ ചോദ്യചിഹ്നമായി മാത്രം അവശേഷിക്കുന്നു. ലോകത്തിന് മുന്നിൽ ഒരു ഭാര്യയെന്ന മേൽവിലാസം ഉണ്ടെങ്കിലും, ഒപ്പമുള്ളവന്റെ മനസ്സിൽ തനിക്കൊരു സ്ഥാനവുമില്ലെന്ന തിരിച്ചറിവിൽ വെറുമൊരു യന്ത്രമായി അവൾ ജീവിച്ചു തീർക്കുന്നു.

പ്രതിരോധിക്കാനും തിരിച്ചു നടക്കുവാനുമുള്ള വഴി, വീണ്ടും വീണ്ടും മുറിവേൽപ്പിക്കാൻ ആർക്കും അധികാരം നൽകരുത്. സ്വയം തിരിച്ചുപോരാനുള്ള വഴികൾ തെളിഞ്ഞുനിൽപ്പുണ്ട്. നമ്മെ ആവശ്യമില്ലാത്തവർക്ക് മുന്നിൽ നമ്മുടെ അഭാവവും ഒരു ചലനവും ഉണ്ടാക്കില്ലെന്ന് മനസ്സിലാക്കുക. സ്വയം തകർന്നു പോകാത്ത വിധം സ്നേഹിക്കാൻ ശീലിക്കുക. നിങ്ങളെ തിരിച്ചറിയുന്നവർക്കായി നിങ്ങളുടെ സ്നേഹം കരുതിവെക്കുക.

ഫെമിനിച്ചി ഫാത്തിമ, ഫെമിനിസം.

ഫാസിൽ മുഹമ്മദ് സംവിധാനം ചെയ്ത ’ഫെമിനിച്ചി ഫാത്തിമ’ എന്ന സിനിമ, ഫാത്തിമയുടെ ജീവിതം ബാഹ്യലോകത്തിന് ഒട്ടും അസാധാര ണം അല്ല. രാവിലെ മുതൽ കിടക്കുംവരെ നിർത്താതെ പണിയെടുക്കുന്ന, എന്നിട്ടും “അനക്കിപ്പോ എന്താണിവിടെ പണി” എന്നു കേട്ടുകൊണ്ടേയിരിക്കുന്ന കുട്ടികൾ മൂത്രമൊഴിച്ച കിടക്ക താങ്ങി പുറത്തിട്ട് ഉണക്കിയെടുക്കേണ്ട ഉത്തരവാദിത്തം അർപ്പിതമായ, അതിൽ നായ് മൂത്രമൊഴിച്ചാലും അതിന്റെ കുറ്റം തന്റെ തലയിൽ വീഴുന്ന, അടുക്കളത്തിണ്ണയിൽ ഒറ്റക്കിരുന്ന് ഭക്ഷണം കഴിക്കേണ്ടിവരുന്ന, ഉച്ചനമസ്കാരം നഷ്ടമാവാതിരിക്കാൻവേണ്ടി ഓടിക്കിതച്ച് കുളിച്ചെന്നു വരുത്തി ഓടി നിസ്കാരപ്പായയിൽ കയറുന്ന, ‘കെട്ടിക്കൊണ്ടു വന്ന പൊരയാണ് ഇനി സ്വന്തം പൊര’ എന്നു വിശ്വസിപ്പിച്ചു ആ പൊരയെ സ്വന്തം പൊരപോലെ കണ്ടാലും പുട്ടിന് തേങ്ങ ഇടുംപോലെ സകല സംഭാഷണങ്ങളിലും ഇത് നിന്റെ പൊരയല്ല് എന്നു കേൾക്കേണ്ടിവരുന്ന നൂറായിരം പെണ്ണുങ്ങളിൽപെട്ട ഒരു പെണ്ണിന്റെ ജീവിതം പക്ഷേ, ഈ നൂറായിരത്തിലെ ഓരോ പെണ്ണിനും അവരുടെ ജീവിതവും ഓരോ ദിവസവും അസാധാരണം തന്നെയാണ്.

അയൽക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളെ പരിഹസിച്ച് തള്ളുന്ന നമ്മുടെ പൊതുസമൂഹവും, കുടുംബങ്ങളിലെ പൈസക്കാരായ ആണുങ്ങളും പക്ഷേ ഈ മൈക്രോ സേവിങ്സ് കൊണ്ട് സ്ത്രീ ഉണ്ടാക്കുന്ന മാറ്റങ്ങളെ വേണ്ടത്ര ഗൗരവത്തിൽ കാണാറില്ല. എന്നാൽ, അതേ കൂട്ടർ അതേ മൈക്രോ സേവിങ്സിന്റെ ഫലമായി ഉണ്ടാകുന്ന സൗകര്യങ്ങൾ അനുഭവിക്കുന്നതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. അയൽവാസിയായ സ്ത്രീകളെ കൂട്ടി ഒരു കുറി നടത്തുന്ന ഫാത്തിമയോട് സ്വന്തം മാപ്പിള പുച്ഛത്തോടെ ചോദിക്കുന്നുണ്ട്, ‘പൊരയിൽ കുത്തിരിക്കുന്ന അനക്ക് എന്തിനാ ഇത്ര പൈസ?’ കിടക്കാൻ ഒരു കിടക്ക വേണമെന്നും നടു വേദനിച്ചിട്ട് വയ്യെന്നും പറഞ്ഞ് ഫാത്തിമ അയാളുടെ അടുത്ത് ചെല്ലുമ്പോൾ അവൾക്കു ലഭിക്കുന്നത് അവഗണനയും പരിഹാസവുമാണ്. എന്നാൽ അതേ ഭർത്താവ് ഫാത്തിമ കുറി വെച്ചു കിട്ടിയ കാശുകൊണ്ട് പുതിയ കിടക്ക വാങ്ങിക്കൊണ്ടു വരുമ്പോൾ ഒന്നും പറയാതെ നോക്കിനിൽക്കുന്നുണ്ട്.

ഒന്നോർക്കുന്നത് നല്ലതാണ്, സ്ത്രീയെ അവഗണിക്കുമ്പോൾ നഷ്ടപ്പെടുന്നത് വെറുമൊരു വ്യക്തിയെ മാത്രമല്ല മറിച്ച് ഒരു വലിയ ലോകത്തെ കൂടിയാണ്. ഓരോ അവഗണനയിലും അവൾ അകലുന്നത് നിശബ്ദമായിട്ടായിരിക്കും. ആദ്യമൊക്കെ അവൾ പരാതികൾ പറയുമായിരിക്കും, വഴക്കിടുമായിരിക്കും, എന്നാൽ നിന്റെ മൗനം തുടരുമ്പോൾ പതുക്കെ അവളും മൗനത്തിലേക്ക് ചേക്കേറും. ആ മൗനത്തിന് പിന്നിൽ തകർന്നുപോയ ഒരുപാട് പ്രതീക്ഷകളുണ്ടാകും. അവഗണനയുടെ കയ്പുനീർ കുടിക്കുമ്പോൾ അവൾക്ക് ആവേശവും ആകാംക്ഷയും ഇല്ലാതാകുന്നു. പിന്നീട് ഒരിക്കൽ അവളെ തിരികെ വിളിക്കുമ്പോൾ പഴയ ആ സ്നേഹം അവിടെ കാണണമെന്നില്ല. കാരണം സ്നേഹിക്കപ്പെടുന്നതിനേക്കാൾ വലിയൊരു വേദന അവഗണിക്കപ്പെടുന്നതിനുണ്ട്. ഒരു വാക്കിനായി കാത്തിരുന്ന ആ കണ്ണുകളിലെ തിളക്കം കെട്ടുപോയിട്ടുണ്ടാകും. പങ്കുവെക്കാൻ കരുതിവെച്ച നൂറായിരം വിശേഷങ്ങൾ അവൾ ഉള്ളിലൊതുക്കാൻ പഠിച്ചിട്ടുണ്ടാകും, സുഹൃത്തേ ചേർത്തുപിടിക്കുക, കാരണം നഷ്ടപ്പെട്ടു കഴിഞ്ഞാൽ പിന്നെ എന്തു നൽകിയാലും പഴയതു തിരിച്ചുകിട്ടണമെന്നില്ല.

❑

‘ഏകാഗ്രത’യും ‘മറവും’

“പണ്ട് സെമിനാരിയിൽ പഠിച്ചപ്പോൾ ഡോ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞു തന്നതാണ്. ഏകാഗ്രതയുടെ ആദ്യ നിമിഷങ്ങൾ മൊട്ടുസൂചി വീണാൽ വലിയ ശബ്ദമായിത്തോന്നാം. എന്നാൽ അവസാന നിമിഷങ്ങളിൽ പെരുമ്പറയടിച്ചാലും അറിയുകയില്ല.”

“കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും.”

– സഖറിയാ മാർ അന്തോണിയോസ്

“വി. കുർബ്ബാനവേളയിലുള്ള ആശീർവാദങ്ങളിൽ ആദ്യ മൂന്നു വാഴ്വുകളും കാർമ്മികൻ ഇടതുകൈപ്പത്തി രഹസ്യങ്ങൾക്കുകീഴെ വിരിക്കൂട്ടിൽ തബലെത്തായുടെ പടിഞ്ഞാറേ വശത്ത് മദ്ധ്യത്തിൽ വച്ചുകൊണ്ട് പൂർണ്ണമായും പടിഞ്ഞാറോട്ട് തിരിക്കുകയും ഒപ്പം രഹസ്യങ്ങൾ വിശ്വാസികൾക്ക് ഗോചരമാകുന്ന വിധത്തിൽ ത്രോണോസ്സിന്റെ വടക്കുവശത്തേക്ക് മാറിനിൽക്കുകയും ചെയ്തുകൊണ്ട് നിർവ്വഹിക്കണം. നിന്റെ ശരീരത്തിന്റെ മേനിയോ അംശവസ്ത്രത്തിന്റെയോ ആടയാഭരണങ്ങളുടെയോ ഭംഗി കാണുവാനോ, കാണിക്കുവാനോ അല്ല ശ്രമിക്കേണ്ടത്.”

– ഡാറയിലെ യോഹന്നാൻ

കറുകച്ചാൽ പനയംപാല സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ ശതാബ്ദി സമാപന സമ്മേളനം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

സൺഡേസ് കൂൾ അഖില മലങ്കര മത്സരങ്ങളിൽ പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം നേടികൊണ്ട് 'സൺഡേ സ്കൂൾ വിജ്ഞാനി' എന്ന നാമധേയം ക്രിസ്റ്റീന ആൻ സണ്ണി കരസ്ഥമാക്കി. കൊച്ചി ഭദ്രാസനത്തിലെ കരിപ്പക്കുന്ന് മാർ ബസേലിയോസ് ഇടവകാംഗവും, പുലിപ്രയത്ത് വീട്ടിൽ സണ്ണിയുടെയും സംഗീതയുടെയും മകളുമാണ്. അഖില മലങ്കര തലത്തിൽ 'വേദവചനഭൂഷൻ' എന്ന പ്രഖ്യാപനവും 2023-ൽ ക്രിസ്റ്റീനക്ക് ലഭിച്ചിട്ടുണ്ട്

സ്കോളർഷിപ്പിനായി അപേക്ഷിക്കാം
ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള വിവിധ സ്കോളർഷിപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20.01.2026 വരെ ദീർഘിപ്പിച്ചിരിക്കുന്നു.
സ്കോളർഷിപ്പുകൾ
• പ്രൊഫ.ജോസഫ് മുണ്ടശേരി സ്കോളർഷിപ്പ് അവാർഡ്
• ഐ റ്റി സി ഫീ റീ ഇമ്പേഴ്സ്മെന്റ് സ്കോളർഷിപ്പ്
• സിഎ/സി.എം.എ/ സി.എസ് സ്കോളർഷിപ്പ്
• എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്
• സിവിൽ സർവീസ് സ്കോളർഷിപ്പ്
• മദർ തെരേസ സ്കോളർഷിപ്പ്
• സി. എം. റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റീസ്
കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് :
www.mwdscholarship.kerala.gov.in
കൂടുതൽ വിവരങ്ങൾക്ക് : 0471-2300523, 0471-2300524
CATHOLICATE NEWS
GREGORIAN TV
CATHOLICATE ONLINE MEDIA

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

- പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

(അന്ത്യ കല്പനയിൽ നിന്നും)

പുസ്തകം

വില്പനയിൽ



സഭാജീവിത നാളാഗമം

(വാല്യം ഒന്ന്)

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായ, സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. 350 പേജ്. വില 400 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

2026 ജനുവരി 10-നു പ്രസിദ്ധീകരിക്കുന്നു. ജനുവരി 10-നു മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 320 രൂപയ്ക്ക് തപാലിൽ ലഭിക്കുന്നു.

പ്രസാധകർ: **ജ്യോതിസ്സ് പബ്ലിക്കേഷൻസ്, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ**

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.